# ലിറ്റിൽ പ്രിൻസ്

അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി

പരിഭാഷ: വി. രവികുമാർ



ലിറ്റിൽ പ്രിൻസ് (ഭാഗം രണ്ട്)
അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി
പരിഭാഷ: വി. രവികുമാർ
(മലയാളം: ചെറുകഥ)

© 2020, V. Revikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Le petit prince, a photograph by Nicholas Wang. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ലിറ്റിൽ പ്രിൻസ്

ഭാഗം രണ്ട്

(ഒരു പൂവിനോടു പിണങ്ങി നാടു വിട്ട രാജകുമാരന്റെ കഥ)

## പതിനാല്

അഞ്ചാമത്തെ ഗ്രഹം ഇതുവരെ കണ്ടതിൽ നിന്നൊക്കെ വ്യത്യസ്തമായിരുന്നു. ഏറ്റവും വലിപ്പം കുറഞ്ഞ ഗ്രഹമാണത്. ഒരു തെരുവുവിളക്കിനും അതു കൊളുത്തുന്നയാൾക്കുമുള്ള ഇടമേ അതിലുള്ളു. ആകാശത്തൊരിടത്ത്, ഒരു മനുഷ്യൻ പോലുമില്ലാത്ത, ഒറ്റ വീടു പോലുമില്ലാത്ത ഒരു ഗ്രഹത്തിൽ ഒരു തെരുവുവിളക്കും അതു കൊളുത്താൻ ഒരാളുമുണ്ടായതു കൊണ്ടെന്താ പ്രയോജനം എന്നതിന് മതിയായൊരു വിശദീകരണം കണ്ടെത്താൻ ലിറ്റിൽ പ്രിൻസിനു കഴിഞ്ഞില്ല. എന്നാലുമവൻ സ്വയം ഇങ്ങനെ പറഞ്ഞു: “ഈ മനുഷ്യൻ വിഡ്ഢിയാണെന്നു വരാം. എന്നാൽ ഇദ്ദേഹത്തെക്കാൾ വിഡ്ഢികളല്ലേ, ആ രാജാവും ആ ബിസിനസ്സുകാരനും ആ പൊങ്ങച്ചക്കാരനും ആ കുടിയനും. ഇദ്ദേഹം ചെയ്യുന്ന പ്രവൃത്തിയിൽ എന്തെങ്കിലും അർത്ഥമെങ്കിലും ഉണ്ടല്ലോ. അയാൾ വിളക്കു കൊളുത്തുമ്പോൾ ഒരു നക്ഷത്രത്തിന്, ഒരു പൂവിനു ജീവൻ വീഴുന്ന പോലെയാണത്. വിളക്കു കെടുത്തുമ്പോൾ ഒരു നക്ഷത്രത്തെയോ ഒരു പൂവിനെയോ അയാൾ ഉറക്കാൻ കിടത്തുകയുമാണ്. മനോഹരമായ ഒരു തൊഴിലാണത്. മനോഹരമാണെന്നതിനാൽ പ്രയോജനപ്രദവുമാണത്.”

ആ ഗ്രഹത്തിലെത്തിയപ്പോൾ വിളക്കു കൊളുത്തുന്നയാളെ അവൻ ബഹുമാനത്തോടെ വണങ്ങി.

“ഗുഡ് മോണിംഗ്, എന്താ ഇപ്പോത്തന്നെ വിളക്കു കെടുത്തിക്കളഞ്ഞത്?”

“അങ്ങനെയാണ് കല്പന,” അയാൾ പറഞ്ഞു, “ഗുഡ് മോണിംഗ്.”



“എന്താണ് കല്പന?”

“വിളക്കു കെടുത്തണമെന്ന്. ഗുഡ് ഈവനിംഗ്.”

അയാൾ വിളക്കു പിന്നെയും കൊളുത്തി.

“നിങ്ങളെന്തിനാണ് പിന്നെയും അതു കൊളുത്തിയത്?”

“അതാണ് കല്പന.”

“എനിക്കൊന്നും മനസ്സിലാകുന്നില്ല,” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“മനസ്സിലാക്കാൻ വേണ്ടി ഒന്നുമില്ല,” വിളക്കു കൊളുത്തുന്നയാൾ പറഞ്ഞു. “കല്പന കല്പനയാണ്. ഗുഡ് മോണിംഗ്.”

അയാൾ പിന്നെയും വിളക്കു കെടുത്തി.

എന്നിട്ടയാൾ ചുവന്ന ചതുരക്കള്ളികളുള്ള ഒരു തുവാലയെടുത്ത് നെറ്റിയിലെ വിയർപ്പു തുടച്ചു.

“ഹൗ, ക്ഷീണിപ്പിക്കുന്നൊരു പണിയാണെന്റേത്. മുമ്പിതിങ്ങനെയായിരുന്നില്ല. കാലത്തു ഞാൻ വിളക്കു കെടുത്തിവയ്ക്കും, സന്ധ്യക്ക് പിന്നെയും ചെന്ന് കൊളുത്തുകയും ചെയ്യും. പകൽ ബാക്കിയുള്ള സമയം എനിക്ക് എന്റെ കാര്യം നോക്കാമായിരുന്നു, രാത്രിയിൽ ബാക്കിസമയം ഉറങ്ങുകയും ചെയ്യാമായിരുന്നു.”

“അതിനു ശേഷം പുതിയ കല്പന വന്നുവെന്നാണോ?”

“കല്പന മാറിയിട്ടൊന്നുമില്ല,” അയാൾ പറഞ്ഞു. “അതല്ലേ അതിന്റെ കഷ്ടം! ഓരോ കൊല്ലം ചെല്ലുന്തോറും ഗ്രഹത്തിന്റെ ഭ്രമണവേഗം കൂടിവരികയാണ്, കല്പനയിൽ മാറ്റം വരുത്തിയിട്ടുമില്ല!”

“എന്നിട്ടെന്തുണ്ടായി?”

“എന്നിട്ടെന്തുണ്ടാവാൻ—ഗ്രഹം ഇപ്പോൾ ഒരു മിനുട്ടു കൊണ്ട് ഒരു ഭ്രമണം പൂർത്തിയാക്കും. എനിക്ക് ഒരു നിമിഷത്തെ വിശ്രമം കിട്ടുന്നുമില്ല. ഓരോ മിനുട്ടിലും എനിക്ക് വിളക്കു കൊളുത്തുകയും കെടുത്തുകയും വേണം!”

“അതു നല്ല തമാശയായിട്ടുണ്ടല്ലോ! ഇവിടെ ഒരു ദിവസത്തിന് ഒരു മിനുട്ടിന്റെ ദൈർഘ്യമേയുള്ളു!”

“ഇതിൽ ഒരു തമാശയുമില്ല!” വിളക്കു കൊളുത്തുന്നയാൾ പറഞ്ഞു. “നാം സംസാരിച്ചു നില്ക്കുന്നതിനിടെ ഒരു മാസം പൊയ്ക്കഴിഞ്ഞു.”

“ഒരു മാസം?”

“അതെ ഒരു മാസം. മുപ്പതു മിനുട്ട്. മുപ്പതു ദിവസം. ഗുഡ് ഈവനിംഗ്.”

അയാൾ വിളക്കു പിന്നെയും കൊളുത്തി.

തനിക്കു തന്നിരിക്കുന്ന ഉത്തരവ് അക്ഷരം പ്രതി അനുസരിക്കുന്ന ഈ ജോലിക്കാരനോട് ലിറ്റിൽ പ്രിൻസിനു സ്നേഹം കൂടിക്കൂടി വന്നു. മുമ്പൊരു കാലത്ത് പിന്നിലേക്കു കസേര നീക്കിയിട്ടിരുന്നു തനിക്കു കിട്ടിയ അസ്തമയങ്ങൾ അവൻ ഓർത്തു. ഈ ചങ്ങാതിയെ സഹായിക്കണമെന്ന് അവനു തോന്നി.

“നോക്കൂ... വേണ്ടപ്പോൾ വിശ്രമിക്കാൻ ഒരു വഴി പറഞ്ഞുതരട്ടെ?”

“പറയൂ, ഒന്നു വിശ്രമിച്ചാൽ കൊള്ളാമെന്നാണ് എപ്പോഴും എന്റെ ആഗ്രഹം,” അയാൾ പറഞ്ഞു.

ജോലിയിൽ കള്ളം കാണിക്കാതിരിക്കുമ്പോൾത്തന്നെ മടി പിടിച്ചിരിക്കാൻ കൊതിക്കുന്നതിൽ അസ്വാഭാവികതയൊന്നുമില്ല.

ലിറ്റിൽ പ്രിൻസ് ഇങ്ങനെ വിശദീകരിച്ചു:

“മൂന്നടി വച്ചാൽ ചുറ്റിവരാവുന്നത്ര ചെറുതാണല്ലോ നിങ്ങളുടെ ഗ്രഹം. അല്പം കൂടി പതുക്കെ നടന്നാൽ നിങ്ങൾക്കെപ്പോഴും പകൽവെളിച്ചത്തായിരിക്കാം. വിശ്രമിക്കണമെന്നു തോന്നുമ്പോൾ നടക്കുക... നിങ്ങൾക്കിഷ്ടമുള്ളത്ര നേരം പകൽ നീണ്ടുനില്ക്കും.”

“എനിക്കതുകൊണ്ട് വലിയ ഗുണമില്ല,” അയാൾ പറഞ്ഞു. “നല്ലൊരുറക്കമാണ് എന്റെ ജീവിതാഭിലാഷം.”

“എങ്കിൽ നിങ്ങൾ ഭാഗ്യദോഷിയാണ്,” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“ഭാഗ്യദോഷി തന്നെ,” വിളക്കു കൊളുത്തുന്നയാൾ പറഞ്ഞു. “ഗുഡ് മോണിംഗ്.”

അയാൾ വിളക്കു കെടുത്തി.

“മറ്റുള്ളവർക്കൊക്കെ,” യാത്ര തുടരുമ്പോൾ ലിറ്റിൽ പ്രിൻസ് സ്വയം പറഞ്ഞു, “ആ മനുഷ്യനെ പുച്ഛമായിരിക്കും, ആ രാജാവിന്, ആ പൊങ്ങച്ചക്കാരന്, ആ ബിസിനസ്സുകാരന്, ആ കുടിയന്. പക്ഷേ, പരിഹാസ്യനായി എനിക്കു തോന്നാത്തത് അയാൾ മാത്രമാണ്. തന്നെക്കുറിച്ചു മാത്രമല്ലാതെ മറ്റു ചിലതിനെക്കുറിച്ചു കൂടി അയാൾക്കു ചിന്തയുള്ളതു കൊണ്ടാവാം അങ്ങനെയായത്.”

കുറ്റബോധത്തോടെ ഒരു നെടുവീർപ്പയച്ചുകൊണ്ട് അവൻ ആത്മഗതം തുടർന്നു:

“എനിക്കു സുഹൃത്താക്കാൻ തോന്നുക അയാളെ മാത്രമാണ്. പക്ഷേ, അയാളുടെ ഗ്രഹം തീരെച്ചെറുതായിപ്പോയി. അതിൽ രണ്ടു പേർക്കുള്ള ഇടമില്ല...”

വാസ്തവത്തിൽ ആ ഗ്രഹം ഉപേക്ഷിച്ചു പോരുന്നതിൽ തനിക്കിത്രയ്ക്കു ദുഃഖം തോന്നാനുള്ള കാരണം മറ്റൊന്നാണെന്നു സമ്മതിക്കാൻ കൊച്ചുരാജകുമാരനു മടിയായിരുന്നു: ദിവസം ആയിരത്തി നാനൂറ്റി നാല്പത് സൂര്യാസ്തമയങ്ങൾ കൊണ്ടനുഗ്രഹീതമാണതെന്നത്!

# പതിനഞ്ച്

ആറാമത്തെ ഗ്രഹം ഒടുവിൽ കണ്ടതിനെക്കാൾ പത്തുമടങ്ങ് വലുതായിരുന്നു. തടിയൻ പുസ്തകങ്ങൾ എഴുതിക്കൂട്ടുന്ന വൃദ്ധനായ ഒരു മാന്യദേഹമാണ് അവിടത്തെ അന്തേവാസി.

“ആഹാ, അതാ, ഒരു പര്യവേക്ഷകൻ വരുന്നു!” ലിറ്റിൽ പ്രിൻസ് വരുന്നതു കണ്ടപ്പോൾ അയാൾ സ്വയം ഉറക്കെപ്പറഞ്ഞു.

ലിറ്റിൽ പ്രിൻസ് കിതച്ചുകൊണ്ട് മേശയ്ക്കരികിൽ വന്നിരുന്നു. അവൻ ഇതിനകം കുറേയേറെ യാത്ര ചെയ്തുകഴിഞ്ഞിരിക്കുന്നു!

“നീ എവിടുന്നു വരുന്നു?” അദ്ദേഹം ചോദിച്ചു.

“ആ തടിച്ച പുസ്തകം എന്താണ്?” ലിറ്റിൽ പ്രിൻസ് ചോദിച്ചു. “താങ്കൾ എന്താണു ചെയ്യുന്നത്?”

“ഞാൻ ഒരു ഭൗമശാസ്ത്രജ്ഞനാണ്,” വൃദ്ധൻ പറഞ്ഞു.

“ഭൗമശാസ്ത്രജ്ഞനെന്നു പറഞ്ഞാൽ?”

“ഏതു കടലിന്റെയും പുഴയുടെയും മലയുടെയും നഗരത്തിന്റെയും മരുഭൂമിയുടെയും സ്ഥാനം കൃത്യമായി അറിയുന്ന പണ്ഡിതൻ.”

“ഇതു കൊള്ളാമല്ലോ,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “ശരിക്കൊരു പ്രവൃത്തി ചെയ്യുന്നയാളെ ഒടുവിൽ ഞാൻ കണ്ടെത്തി!” ഭൗമശാസ്ത്രജ്ഞന്റെ ഗ്രഹത്തിലൂടെ അവനൊന്നു കണ്ണോടിച്ചു. ഇത്ര വിശിഷ്ടമായ ഒരു ഗ്രഹം അവൻ ഇതിനു മുമ്പു കണ്ടിട്ടില്ല.

“താങ്കളുടെ ഗ്രഹം വളരെ മനോഹരമായിരിക്കുന്നു,” അവൻ പറഞ്ഞു. “ഇതിൽ കടലുകളുണ്ടോ?”

“അതെനിക്കു പറയാൻ പറ്റില്ല,” ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു.

“അതു കഷ്ടമായല്ലോ,” കൊച്ചുരാജകുമാരനു നിരാശയായി. “മലകളുണ്ടോ?”

“അതെനിക്കു പറയാൻ പറ്റില്ല,” ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു.

“പുഴകൾ, നഗരങ്ങൾ, മരുഭൂമികൾ?”

“അതുമെനിക്കു പറയാൻ പറ്റില്ല.”

“പക്ഷേ, താങ്കളൊരു ഭൗമശാസ്ത്രജ്ഞനുമാണ്!”

“അതു ശരി തന്നെ,” ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു. “പക്ഷേ, ഞാൻ പര്യവേക്ഷകനല്ലല്ലോ. എന്റെ ഗ്രഹത്തിൽ ഒറ്റ പര്യവേക്ഷകൻ പോലുമില്ല. പുഴയുടെയും മലയുടെയും കടലിന്റെയും മരുഭൂമിയുടെയും കണക്കെടുക്കാൻ ഭൗമശാസ്ത്രജ്ഞൻ പോകാറില്ല. അങ്ങനെ ചുറ്റിയടിച്ചു കളയാനുള്ളതല്ല, അയാളുടെ സമയം. അയാൾ തന്റെ മേശ വിട്ടു പോകാറില്ല. അയാൾ പര്യവേക്ഷകരെ തന്റെ പഠനമുറിയിലേക്കു വിളിയ്ക്കുകയാണ്. അവരോട് ചോദ്യങ്ങൾ ചോദിക്കുകയും അവർക്കോർമ്മയുള്ളത് എഴുതിയെടുക്കുകയുമാണ്. അവരിലാരുടെയെങ്കിലും ഓർമ്മകൾ അയാൾക്കു താല്പര്യമുണർത്തുകയാണെങ്കിൽ അയാളുടെ സ്വഭാവത്തെക്കുറിച്ചന്വേഷിക്കാൻ ഉത്തരവിടുന്നു.”

“അതെന്തിന്?”

“കള്ളം പറയുന്ന പര്യവേക്ഷകൻ ഭൂമിശാസ്ത്രപുസ്തകങ്ങൾ കുളമാക്കില്ലേ? അയാൾ കുടിയനായാലും കുഴപ്പമാണ്.”

“അതെന്താ?”

“കുടിയന്മാർ എല്ലാം രണ്ടായിട്ടു കാണും. ഒരു മലയുള്ളിടത്ത് രണ്ടുണ്ടെന്ന് ഭൗമശാസ്ത്രജ്ഞൻ എഴുതിവയ്ക്കുകയും ചെയ്യും.”

“പര്യവേക്ഷകനാകാൻ തീരെപ്പറ്റാത്ത ഒരാളെ എനിക്കറിയാം,” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“അങ്ങനെ വരാം. അപ്പോൾ, പര്യവേക്ഷകന്റെ സ്വഭാവശുദ്ധി തെളിഞ്ഞു കഴിഞ്ഞാൽ പിന്നെ അയാളുടെ കണ്ടുപിടുത്തത്തെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവിടുന്നു.”

“നേരിട്ടു പോയിക്കണ്ടിട്ട്?”

“അല്ല. അതത്ര എളുപ്പമല്ല. പകരം പര്യവേക്ഷകനോട് തെളിവു നല്കാൻ ആവശ്യപ്പെടുകയാണ്. ഉദാഹരണത്തിന് താൻ വലിയൊരു മല കണ്ടുപിടിച്ചു എന്നാണ് അയാൾ അവകാശപ്പെടുന്നതെങ്കിൽ തെളിവായി അതിൽ നിന്നുള്ള വലിയ കല്ലുകൾ അയാൾ കൊണ്ടുവരണം.”

പര്യവേക്ഷകൻ പെട്ടെന്നുഷാറായി.

“നീ വളരെ ദൂരെ നിന്നു വരുന്നതല്ലേ! നീയും ഒരു പര്യവേക്ഷകനാണ്! നീ നിന്റെ ഗ്രഹത്തെക്കുറിച്ച് വിസ്തരിച്ചു പറയൂ!”

തന്റെ തടിയൻ രജിസ്റ്റർ തുറന്നു വച്ചിട്ട് അദ്ദേഹം പെൻസിലിന്റെ മുന കൂർപ്പിച്ചു. പര്യവേക്ഷകരുടെ വിവരണങ്ങൾ ആദ്യം പെൻസിലിലേ രേഖപ്പെടുത്തൂ; തെളിവുകൾ ഹാജരാക്കിക്കഴിഞ്ഞതിനു ശേഷം മാത്രമാണ് മഷി ഉപയോഗിക്കുക.

“തുടങ്ങിക്കോ,” ഭൗമശാസ്ത്രജ്ഞൻ തിടുക്കപ്പെടുത്തി.

“ഓ, ഞാൻ താമസിക്കുന്ന ഗ്രഹം അത്ര താല്പര്യമുണർത്തുന്നതൊന്നുമല്ല,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “വളരെ ചെറുതാണത്. മൂന്നഗ്നിപർവതങ്ങളുണ്ട്. കത്തുന്നതു രണ്ടും കെട്ടതൊന്നും. എന്നാലും നമ്മൾ കരുതിയിരിക്കണമല്ലോ.”

“നമ്മൾ കരുതിയിരിക്കണം,” ഭൗമശാസ്ത്രജ്ഞൻ സമ്മതിച്ചു.

“എനിക്കൊരു പൂവു കൂടി സ്വന്തമായിട്ടുണ്ട്.”

“ഞങ്ങൾ പൂക്കളുടെ കാര്യം രേഖപ്പെടുത്താറില്ല,” ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു.

“അതെന്താ? എന്റെ ഗ്രഹത്തിലെ ഏറ്റവും മനോഹരമായ കാര്യമാണത്!”

“ഞങ്ങൾ അവ വിട്ടുകളയുകയാണു ചെയ്യുക,” ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു, “കാരണം അവ നൈമിഷികങ്ങളാണ്.”

“നൈമിഷികം—എന്നു പറഞ്ഞാൽ?”

“ഏതു പുസ്തകത്തെക്കാളും ഗൗരവമുള്ള സംഗതികൾ പ്രതിപാദിക്കുന്ന പുസ്തകങ്ങളാണ് ഭൂമിശാസ്ത്രപുസ്തകങ്ങൾ,” ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു. “അവയ്ക്കു കാലഹരണം വരിക എന്നതില്ല. ഒരു മല അതിന്റെ സ്ഥാനം മാറുക എന്നത് എത്രയോ അപൂർവമാണ്. അത്രയപൂർവമാണ് കടൽ വറ്റി വരളുക എന്നതും. ചിരസ്ഥായികളായ കാര്യങ്ങളെക്കുറിച്ചാണ് ഞങ്ങൾ എഴുതുന്നത്.”

“പക്ഷേ, കെട്ടുപോയ അഗ്നിപർവതങ്ങൾ പിന്നൊരിക്കൽ സജീവമായെന്നു വരാം,” ലിറ്റിൽ പ്രിൻസ് ഇടയ്ക്കു കേറി പറഞ്ഞു. “അത് നൈമിഷികമാണോ?”

“അഗ്നിപർവതങ്ങൾ സജീവമോ അല്ലാതെയോ ആകട്ടെ, ഞങ്ങൾക്ക് അതൊരുപോലെയാണ്,: ഭൗമശാസ്ത്രജ്ഞൻ പറഞ്ഞു. “ഞങ്ങളുടെ പരിഗണനയിൽ വരുന്നത് മലകളാണ്. അവയ്ക്കു മാറ്റവുമില്ല.”

“പക്ഷേ, നൈമിഷികം—എന്നു പറഞ്ഞാൽ?” ലിറ്റിൽ പ്രിൻസ് ആവർത്തിച്ചു; ഒരു ചോദ്യം ചോദിച്ചാൽ അതിനുത്തരം കിട്ടാതെ അവൻ വിടില്ലല്ലോ.

“നൈമിഷികം എന്നു പറഞ്ഞാൽ ഏതു നിമിഷവും മറഞ്ഞുപോകാവുന്നത് എന്നർത്ഥം.”

“എങ്കിൽ എന്റെ പൂവും ഏതു നിമിഷവും മറഞ്ഞുപോകുമോ?”

“സംശയമെന്താ!”

“എന്റെ പൂവ് നൈമിഷികമാണ്,” ലിറ്റിൽ പ്രിൻസ് സ്വയം പറഞ്ഞു. “ലോകത്തോടു പൊരുതിനില്ക്കാൻ അവൾക്കുള്ളതോ, നാലു മുള്ളുകളും. ഞാനവളെ അവിടെ ഒറ്റയ്ക്കു വിട്ടിട്ടു പോരുകയും ചെയ്തു!”

ഇതാദ്യമായി അവന് കുറ്റബോധം തോന്നുകയായിരുന്നു. പക്ഷേ, പെട്ടെന്നു തന്നെ അവൻ ധൈര്യം വീണ്ടെടുക്കുകയും ചെയ്തു.

“ഇനി ഞാൻ എങ്ങോട്ടു പോകണമെന്നാണ് താങ്കൾ പറയുക?” അവൻ ചോദിച്ചു.

“ഭൂമിയിലേക്കു പൊയ്ക്കോ,” അദ്ദേഹം പറഞ്ഞു, “വളരെ പ്രസിദ്ധമാണത്.”

തന്റെ പൂവിനെക്കുറിച്ചോർത്തുകൊണ്ട് ലിറ്റിൽ പ്രിൻസ് അവിടെ നിന്നു യാത്ര തിരിച്ചു.

## പതിനാറ്

അങ്ങനെ ഏഴാമത്തെ ഗ്രഹം ഭൂമിയായിരുന്നു. ഭൂമി എന്നു പറയുന്നത് വെറുമൊരു സാധാരണ ഗ്രഹമല്ല. നൂറ്റിപ്പതിനൊന്നു രാജാക്കന്മാരും (ഇവരിൽ ആഫ്രിക്കൻ രാജാക്കന്മാരുമുണ്ടേ) ഏഴായിരം ഭൗമശാസ്ത്രജ്ഞന്മാരും ഒമ്പതു ലക്ഷം ബിസിനസ്സുകാരും എഴുപത്തഞ്ചു ലക്ഷം കുടിയന്മാരും മുപ്പത്തൊന്നു കോടി പത്തു ലക്ഷം പൊങ്ങച്ചക്കാരും ഉൾക്കൊള്ളുന്നതാണത്; എന്നു പറഞ്ഞാൽ ഏകദേശം ഇരുന്നൂറു കോടി മുതിർന്നവർ.

ഭൂമിയുടെ വലിപ്പത്തെക്കുറിച്ച് നിങ്ങൾക്കൊരു ധാരണ കിട്ടാൻ വേണ്ടി പറയുകയാണ്: വൈദ്യുതി കണ്ടുപിടിക്കുന്നതിനു മുമ്പ് ആറു ഭൂഖണ്ഡങ്ങളിലെയും തെരുവുവിളക്കുകൾ കൊളുത്തുന്നതിന് നാലു ലക്ഷത്തി അറുപത്തീരായിരത്തിയഞ്ഞൂറ്റിപ്പതിനൊന്നു പേരുടെ സേവനം വേണ്ടിവന്നിരുന്നു.

അല്പം ദൂരെ നിന്നു നോക്കിയാൽ അതു മനോഹരമായൊരു കാഴ്ച തന്നെയായിരുന്നു. ഓപ്പെറായിലെ നൃത്തരംഗം ചിട്ടപ്പെടുത്തിയിരിക്കുന്നതു പോലെ തോന്നും. ആദ്യത്തെ ഊഴം ന്യൂസിലാന്റിലെയും ഓസ്ട്രേലിയായിലെയും വിളക്കു കൊളുത്തലുകാരുടേതാണ്. തങ്ങളുടെ ഭാഗത്തെ വിളക്കുകൾ തെളിച്ചുകഴിഞ്ഞാൽ അവർ പോയിക്കിടന്നുറങ്ങും. തുടർന്ന് ചൈനയിലെയും സൈബീരിയയിലെയും വിളക്കുകാർ തങ്ങളുടെ നൃത്തച്ചുവടുകളുമായി കടന്നു വരികയായി; അവരും പിന്നെ ഇരുവശങ്ങളിലൂടെ അണിയറയിലേക്കു മടങ്ങുന്നു. അതും കഴിഞ്ഞാൽ റഷ്യയിലെയും ഇന്ത്യയിലെയും വിളക്കുകാരുടെ ഊഴമാണ്; പിന്നെ ആഫ്രിക്കയിലെയും യൂറോപ്പിലെയും; പിന്നെ തെക്കേ അമേരിക്കക്കാർ; പിന്നെ വടക്കേ അമേരിക്കക്കാർ. അരങ്ങത്തേക്കുള്ള അവരുടെ വരവിൽ ക്രമം തെറ്റുക എന്നതുണ്ടാവില്ല. അത്ഭുതാദരങ്ങൾ ജനിപ്പിക്കുന്ന കാഴ്ച തന്നെയാണത്!

ഉത്തരധ്രുവത്തിൽ ആകെയുള്ള ഒരു തെരുവുവിളക്കു കൊളുത്തുന്നയാൾക്കും അതുപോലെ ദക്ഷിണധ്രുവത്തിലെ ഒറ്റവിളക്കു കൊളുത്തുന്നയാൾക്കും മാത്രമേ അല്ലലറിയാതെ, അലസമായി ജീവിക്കാനുള്ള ഭാഗ്യം കിട്ടിയുള്ളു. അവർക്ക് കൊല്ലത്തിൽ രണ്ടു വട്ടം മാത്രം വിളക്കു കത്തിച്ചാൽ മതി.

# പതിനേഴ്

രസിപ്പിക്കാൻ നോക്കുമ്പോൾ നാം ചിലപ്പോൾ നേരിൽ നിന്നകന്നു പോയെന്നു വരാം. വിളക്കു കൊളുത്തലുകാരെക്കുറിച്ച് ഞാൻ ഇപ്പോൾ പറഞ്ഞതു മുഴുവൻ സത്യമാകണമെന്നില്ല. നമ്മുടെ ഗ്രഹത്തെക്കുറിച്ചറിയാത്തവർക്ക് തെറ്റായ ഒരു ധാരണയാണ് ഞാൻ നല്കിയതെന്നും വരാം. ഭൂമിയുടെ വളരെച്ചെറിയൊരു ഭാഗത്തേ മനുഷ്യൻ വസിക്കുന്നുള്ളു. ഭൂമുഖത്തുള്ള ഇരുന്നൂറു കോടി മനുഷ്യരെ ഒരുമിച്ചു നിർത്തിയാൽ ഇരുപതു മൈൽ നീളവും ഇരുപതു മൈൽ വീതിയുമുള്ള ഒരു മൈതാനത്തൊതുങ്ങാനേയുണ്ടാവൂ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യരെ മൊത്തം പസിഫിക് സമുദ്രത്തിലെ ഒരു ചെറിയ ദ്വീപിലേക്ക് ആട്ടിക്കയറ്റാം!

മുതിർന്നവർക്കു പക്ഷേ, ഇതു പറഞ്ഞാൽ വിശ്വാസമാവില്ല. ഒരുപാടിടത്തു നിറഞ്ഞിരിക്കുകയാണു തങ്ങളെന്നാണ് അവരുടെ ധാരണ. തങ്ങൾ ബയോബാബുകളെപ്പോലെയാണെന്നാണ് അവരുടെ വിചാരം. അതിനാൽ സ്വയം കണക്കു കൂട്ടി ബോദ്ധ്യപ്പെടാൻ അവരെ ഉപദേശിക്കുക—കണക്കുകളാണ് അവർക്കിഷ്ടം; അവർ അഭിരമിക്കുന്നതതിലാണ്. പക്ഷേ, നിങ്ങൾ അതിനു വേണ്ടി സമയം കളയണമെന്നില്ല. ഞാൻ പറയുന്നത് നിങ്ങൾക്കു വിശ്വാസമാണെന്ന് എനിക്കറിയാം.

ലിറ്റിൽ പ്രിൻസ് ഭൂമിയിൽ വന്നിറങ്ങിയപ്പോൾ ആകെ അമ്പരന്നുപോയി; കാരണം, എങ്ങും ഒരു മനുഷ്യനേയും കാണാനില്ല. താൻ വന്ന ഗ്രഹം മാറിപ്പോയോ എന്ന് ലിറ്റിൽ പ്രിൻസിനു സംശയം തോന്നിത്തുടങ്ങുമ്പോഴാണ് മുന്നിൽ പൂഴിമണ്ണിൽ നിലാവിന്റെ നിറമുള്ള ഒരു വളയം ചുരുളഴിയുന്നതു കാണുന്നത്.



“ഗുഡ് ഈവനിംഗ്,” ലിറ്റിൽ പ്രിൻസ് ഉപചാരത്തോടെ പറഞ്ഞു.

“ഗുഡ് ഈവനിംഗ്,” പാമ്പ് പറഞ്ഞു.

“ഇതേതു ഗ്രഹത്തിലാണ് ഞാൻ വന്നിരിക്കുന്നത്?” ലിറ്റിൽ പ്രിൻസ് ചോദിച്ചു.

“ഭൂമിയിൽ... ആഫ്രിക്കയിൽ...”

“അതെയോ!... ഭൂമിയിൽ മനുഷ്യരാരുമില്ലേ?”

“ഇത് മരുഭൂമിയാണ്. മരുഭൂമിയിൽ മനുഷ്യരില്ല. ഭൂമി വളരെ വിശാലമല്ലേ,” പാമ്പ് പറഞ്ഞു.

ലിറ്റിൽ പ്രിൻസ് ഒരു കല്ലിന്മേലിരുന്നിട്ട് ആകാശത്തേക്കു കണ്ണുയർത്തി.

“ആകാശത്തു നക്ഷത്രങ്ങൾ കൊളുത്തി വച്ചിരിക്കുന്നത് എന്നെങ്കിലുമൊരു നാൾ ഓരോരുത്തരും അവനവന്റെ നക്ഷത്രത്തെ കണ്ടെടുക്കാൻ വേണ്ടിയാണോ?” ലിറ്റിൽ പ്രിൻസ് ഓർത്തു. “എന്റെ നക്ഷത്രം നോക്കൂ—നേരേ മുകളിൽ തന്നെയുണ്ട്. പക്ഷേ, എത്രയകലെയാണത്!”

“മനോഹരമായിട്ടുണ്ട്,” പാമ്പ് പറഞ്ഞു. “നീ എന്തിനാണ് ഭൂമിയിലേക്കു വന്നത്?”

“ഒരു പൂവും ഞാനും തമ്മിൽ ചില പ്രശ്നങ്ങളുണ്ടായി,” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“അയ്യോ!” പാമ്പ് പറഞ്ഞു.

രണ്ടു പേരും ഒന്നും മിണ്ടിയില്ല.

“മനുഷ്യരൊക്കെ എവിടെപ്പോയി?” ഒടുവിൽ ലിറ്റിൽ പ്രിൻസ് സംഭാഷണം തുടർന്നു. “മരുഭൂമിയിൽ ഏകാകിയായ പോലെ തോന്നുന്നു.”

“മനുഷ്യർക്കിടയിലായാലും ഏകാകിയാവാം,” പാമ്പ് പറഞ്ഞു.

ലിറ്റിൽ പ്രിൻസ് കുറേ നേരം ആ പാമ്പിനെ നോക്കി നിന്നു.



“നിന്നെ കാണാൻ വളരെ വിചിത്രമായിരിക്കുന്നു,” ഒടുവിൽ അവൻ പറഞ്ഞു, “വിരലിന്റെ വണ്ണം പോലുമില്ല.”

“എന്നാൽ ഒരു രാജാവിന്റെ വിരലിനെക്കാൾ ശക്തി എനിക്കുണ്ട്,” പാമ്പ് പറഞ്ഞു.

ലിറ്റിൽ പ്രിൻസിനു ചിരി വന്നു.

“നിനക്കത്ര ശക്തിയൊന്നുമില്ല... നിനക്കു കാലു പോലുമില്ല. നിനക്കു ദൂരത്തേക്കു പോകാൻ തന്നെ പറ്റില്ല.”

“ഏതു കപ്പൽ കൊണ്ടുപോകുന്നതിലുമകലേക്കു നിന്നെ ഞാൻ കൊണ്ടുപോകാം,” പാമ്പ് പറഞ്ഞു.

എന്നിട്ടവൻ ലിറ്റിൽ പ്രിൻസിന്റെ കണങ്കാലിൽ കയറിച്ചുറ്റി ഒരു സ്വർണ്ണത്തള പോലെ കിടന്നു.

“ഞാൻ തൊടുന്ന ആരെയും അവരുടെ സ്വദേശത്തേക്കു ഞാൻ യാത്രയാക്കും,” പാമ്പ് തുടർന്നു. “പക്ഷേ, പക്ഷേ, നീ നിർദ്ദോഷിയാണ്. നീ വരുന്നതൊരു നക്ഷത്രത്തിൽ നിന്നാണ്...”

ലിറ്റിൽ പ്രിൻസ് അതിനു മറുപടി പറഞ്ഞില്ല.

“എനിക്കു നിന്നെ കണ്ടിട്ടു സഹതാപം തോന്നുന്നു... കല്ലു കൊണ്ടുള്ള ഈ ഭൂമിയിൽ എത്ര ദുർബലനാണു നീ...” പാമ്പ് പറഞ്ഞു. “എന്നെങ്കിലുമൊരിക്കൽ സ്വന്തം ഗ്രഹത്തിലേക്കു തിരിച്ചു പോകാൻ നിനക്കാഗ്രഹം തോന്നുമ്പോൾ അന്നു ഞാൻ നിന്നെ സഹായിക്കാം...”

“നീ പറഞ്ഞതെനിക്കു മനസ്സിലായി,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “പക്ഷേ, നീയെന്തിനാണിങ്ങനെ കടംകഥകളിലൂടെ സംസാരിക്കുന്നത്?”

“എല്ലാ കടംകഥകൾക്കും ഞാൻ ഉത്തരം കണ്ടെത്തുന്നുമുണ്ട്,” പാമ്പ് പറഞ്ഞു.

പിന്നെ രണ്ടു പേരും നിശബ്ദരായി.

## പതിനെട്ട്

മരുഭൂമിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നടന്നിട്ടും ഒരു പൂവിനെ മാത്രമേ ലിറ്റിൽ പ്രിൻസ് കണ്ടുള്ളൂ. മൂന്നിതളുള്ള ഒരു പൂവ്—കണക്കിൽ പെടുത്താനില്ലാത്തൊരു പൂവ്.

"ഗുഡ് മോണിംഗ്" ലിറ്റിൽ പ്രിൻസ് പറഞ്ഞു.

"ഗുഡ് മോണിംഗ്," പൂവു പറഞ്ഞു.

"മനുഷ്യരുള്ളതെവിടെയാ?" ലിറ്റിൽ പ്രിൻസ് വളരെ മര്യാദയോടെ ചോദിച്ചു.

ഒരു വർത്തകസംഘം കടന്നുപോകുന്നത് ഒരിക്കൽ ആ പൂവു കണ്ടിട്ടുണ്ട്.

"മനുഷ്യർ?" അവൾ ആവർത്തിച്ചു. "അവർ ആറോ ഏഴോ പേരുണ്ടായിരുന്നുവെന്നു തോന്നുന്നു. വർഷങ്ങൾക്കു മുമ്പ് ഞാൻ അവരെ കണ്ടിരുന്നു. പക്ഷേ, അവരിപ്പോൾ എവിടെയാണെന്ന് ആർക്കറിയാം. കാറ്റവരെ അടിച്ചുപറത്തിക്കൊണ്ടു പോവുകയാണ്. അവർക്കു വേരുകളില്ല, അതിന്റെ വിഷമം അവർ അനുഭവിക്കുന്നുമുണ്ട്."

"ഗുഡ് ബൈ," ലിറ്റിൽ പ്രിൻസ് പറഞ്ഞു.

"ഗുഡ് ബൈ," പൂവ് പറഞ്ഞു.

## പത്തൊൻപത്

പിന്നെ ലിറ്റിൽ പ്രിൻസ് ഒരു വലിയ മലയുടെ മുകളിൽ കയറി. അവനാകെ പരിചയമുള്ളത് മൂന്നഗ്നിപർവത ങ്ങൾ മാത്രമാണല്ലോ; അവയാണെങ്കിൽ അവന്റെ മുട്ടോളമെത്തുകയുമില്ല. കെട്ടുപോയ അഗ്നിപർവതം അവൻ തന്റെ കാലു വയ്ക്കാനുള്ള പീഠമായിട്ടാണുപയോ ഗിച്ചിരുന്നത്. “ഇത്രയും ഉയരമുള്ള ഒരു മലയ്ക്കു മുകളിൽ നിന്ന്,” അവൻ സ്വയം പറഞ്ഞു, “ഈ ഗ്രഹമാകെയും അതിലുള്ള മനുഷ്യരെയും ഒറ്റ നോട്ടത്തിൽ എനിക്കു കാ ണാൻ പറ്റണം.” അവൻ ആകെ കണ്ടതു പക്ഷേ, സൂചി പോലെ കൂർത്ത പാറക്കുന്നുകൾ മാത്രമാണ്.



“ഹലോ,” അവൻ സൗമ്യമായി പറഞ്ഞു.

“ഹലോ... ഹലോ... ഹലോ...,”മാറ്റൊലി ഏറ്റുപറഞ്ഞു.

“നിങ്ങളാരാ?” ലിറ്റിൽ പ്രിൻസ് ചോദിച്ചു.

“നിങ്ങളാരാ... നിങ്ങളാരാ... നിങ്ങളാരാ...”മാറ്റൊലി ഏറ്റുപിടിച്ചു.

“നമുക്കു കൂട്ടുകാരാകാം. ഞാനൊറ്റയ്ക്കാണ്,” അവൻ പറഞ്ഞു.

“ഞാനൊറ്റയ്ക്കാണ്... ഞാനൊറ്റയ്ക്കാണ്... ഞാനൊറ്റയ്ക്കാ ണ്...”മാറ്റൊലി ആവർത്തിച്ചു.

“എന്തു വിചിത്രമായ ഗ്രഹം!” അവൻ മനസ്സിൽ പറഞ്ഞു. “ആകെ വരണ്ടും കല്ലിച്ചും കൂർത്തതും. ആളുകളാണെ ങ്കിൽ ഒരു ഭാവനയുമില്ലാത്തവരും. ഞാൻ പറയുന്നതാ വർത്തിക്കാനേ അവർക്കറിയൂ. എന്റെ ഗ്രഹത്തിലാണെ ങ്കിൽ എനിക്കൊരു പൂവുണ്ടായിരുന്നു; ആദ്യം കേറി സം സാരിക്കുക അവളായിരിക്കും...”


# ഇരുപത്

കുറേ നേരം മണലും മഞ്ഞും പാറയും താണ്ടി ലിറ്റിൽ പ്രിൻസ് ചെന്നെത്തിയത് ഒരു പാതയിലാണ്. ആളുകളു ള്ളിടത്തേക്കാണല്ലോ പാതകൾ പോവുക.

"ഗുഡ് മോണിംഗ്," അവൻ പറഞ്ഞു.

റോസാപ്പൂക്കൾ വിടർന്നു നില്ക്കുന്ന ഒരു പൂന്തോട്ടത്തിനു മു ന്നിലാണ് അവൻ നില്ക്കുന്നത്.

"ഗുഡ് മോണിംഗ്," റോസാപ്പൂക്കൾ പറഞ്ഞു.



ലിറ്റിൽ പ്രിൻസ് അവയെ നോക്കിനിന്നു. അവ കാണാൻ അവന്റെ പൂവിനെപ്പോലിരുന്നു.

"നിങ്ങളാരാ?" അമ്പരപ്പോടെ അവൻ ചോദിച്ചു.

"ഞങ്ങൾ റോസാപ്പൂക്കൾ," അവർ പറഞ്ഞു.

അവനു വല്ലാത്ത സങ്കടം തോന്നി. അവന്റെ പൂവ് അവ നോടു പറഞ്ഞിരുന്നത് ഈ പ്രപഞ്ചത്തിൽ തന്നെപ്പോ ലെ താനൊരാൾ മാത്രമേയുള്ളുവെന്നാണ്. എന്നിട്ടിവി ടെയിതാ, അവളെപ്പോലെ ഒരയ്യായിരം പൂക്കൾ, അതും ഒരൊറ്റ ഉദ്യാനത്തിൽ!

"ഇതു കണ്ടാൽ അവൾക്കു നീരസമാകും," അവൻ സ്വയം പറഞ്ഞു. "താൻ അവളെ കളിയാക്കാതിരിക്കാനായി അവൾ ഭയങ്കരമായി ചുമയ്ക്കും, മരിക്കാൻ പോകുന്നതായി അഭിനയിക്കും. അവളെ പരിചരിച്ച് ജീവിതത്തിലേക്കു മടക്കിക്കൊണ്ടു വരുന്നതായി എനിക്കും അഭിനയിക്കേ ണ്ടി വരും; ഇല്ലെങ്കിൽ എന്നെ നാണം കെടുത്താനായി അവൾ ശരിക്കും മരിച്ചുവെന്നു വരാം."

അവന്റെ ചിന്തകൾ ഇങ്ങനെ തുടർന്നു: "ഈ പ്രപഞ്ച ത്തിൽ മറ്റെങ്ങും കാണാത്ത ഒരു പൂവു സ്വന്തമായിട്ടുള്ള തിനാൽ ഞാനെന്നെ ഒരു സമ്പന്നനായി കരുതിയിരു ന്നു. അതു വെറുമൊരു സാധാരണ റോസാപ്പൂവു മാത്രമാ യിരുന്നുവെന്ന് എനിക്കിപ്പോൾ മനസ്സിലാകുന്നു. വെറു മൊരു റോസാപ്പൂവും മുട്ടോളമില്ലാത്ത മൂന്ന് അഗ്നിപർവ തങ്ങളും (അതിലൊന്ന് കെട്ടുപോയതുമാണ്)... ഇത്രയും കൊണ്ട് ഞാനെങ്ങനെ ഒരു രാജകുമാരനാവാൻ!"

അവൻ പുൽത്തട്ടിൽ കമിഴ്ന്നടിച്ചു വീണ് തേങ്ങിക്കരഞ്ഞു.



# ഇരുപത്തിയൊന്ന്

ഈ സമയത്താണ് കുറുക്കന്റെ വരവ്.

"ഗുഡ് മോണിംഗ്," കുറുക്കൻ പറഞ്ഞു.

"ഗുഡ് മോണിംഗ്," തിരിഞ്ഞുനോക്കിയപ്പോൾ ആരെയും കണ്ടില്ലെങ്കിലും ലിറ്റിൽ പ്രിൻസ് വിനയപൂർവം പറഞ്ഞു.

"ഞാൻ ഇവിടെത്തന്നെയുണ്ട്," ആ ശബ്ദം പറഞ്ഞു, "ആപ്പിൾ മരത്തിനടിയിൽ."



"നീയാരാ?" ലിറ്റിൽ പ്രിൻസ് ചോദിച്ചു. "നിന്നെ കാണാൻ നല്ല ചന്തമുണ്ടല്ലോ."

"ഞാനാണ് കുറുക്കൻ," കുറുക്കൻ പറഞ്ഞു.

"വായോ, നമുക്കു കളിക്കാം," ലിറ്റിൽ പ്രിൻസ് നിർദ്ദേശം വച്ചു. "എനിക്കാകെ സങ്കടം തോന്നുന്നു."

"എനിക്കു നിന്റെ കൂടെ കളിക്കാൻ പറ്റില്ല," കുറുക്കൻ പറഞ്ഞു. "ഞാൻ ഇണങ്ങിയിട്ടില്ല."

"ഓ, എങ്കിൽ ഞാൻ പറഞ്ഞതു ക്ഷമിച്ചേക്കു," ലിറ്റിൽ പ്രിൻസ് പറഞ്ഞു. ഒന്നു കൂടി ആലോചിച്ചിട്ട് അവൻ ചോദിച്ചു, "അല്ലാ, ഈ 'ഇണങ്ങുക' എന്നു പറഞ്ഞാൽ എന്താണർത്ഥം?"

"നീ ഈ ഭാഗത്തുള്ളയാളല്ലല്ലോ," കുറുക്കൻ പറഞ്ഞു. "നീ ആരെ അന്വേഷിച്ചാണു വന്നത്?"

"ഞാൻ മനുഷ്യരെയാണ് അന്വേഷിക്കുന്നത്," ലിറ്റിൽ പ്രിൻസ് പറഞ്ഞു. 'ഇണങ്ങുക' എന്നു പറഞ്ഞാൽ എന്താണെന്നു പറയൂ."



"മനുഷ്യരുടെ കൈയിൽ തോക്കുണ്ട്," കുറുക്കൻ പറഞ്ഞു. "അതും കൊണ്ട് അവർ വേട്ടയ്ക്കു പോവുകയും ചെയ്യും. അതൊരു ബുദ്ധിമുട്ടുള്ള കാര്യമാണ്. അവർ കോഴികളെ വളർത്തുകയും ചെയ്യുന്നുണ്ട്. അവരുടെ കാര്യത്തിൽ എനിക്കു താല്പര്യമുള്ള സംഗതി അതു മാത്രമാണ്. നീ കോഴികളെ നോക്കിനടക്കുകയാണോ?"

"അല്ല," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "ഞാൻ കൂട്ടുകാരെയാണ് തേടുന്നത്. 'ഇണങ്ങുക' എന്നാൽ എന്താണെന്നു പറയൂ."

"പലപ്പോഴും അവഗണിക്കപ്പെടുന്ന ഒരു പ്രവൃത്തിയാണത്; ബന്ധം സ്ഥാപിക്കുക എന്നാണതിനർത്ഥം."

"ബന്ധം സ്ഥാപിക്കുക?"

"അതു തന്നെ," കുറുക്കൻ പറഞ്ഞു. "എന്നെ സംബന്ധിച്ചിടത്തോളം നീ മറ്റു നൂറായിരം കൊച്ചുകുട്ടികളെപ്പോലെ ഒരു കുട്ടി മാത്രമാണ്. എനിക്കു നിന്നെക്കൊണ്ട് ഒരാവശ്യവുമില്ല. നിനക്കും എന്നെക്കൊണ്ട് ആവശ്യമൊന്നുമില്ല. നിനക്കു ഞാൻ മറ്റു നൂറായിരം കുറുക്കന്മാരെപ്പോലെ ഒരു കുറുക്കൻ മാത്രമാണ്. പക്ഷേ, നീ എന്നെ ഇണക്കിയാൽ നമുക്കന്യോന്യം ആവശ്യം വരും. എനിക്കു നീ ലോകത്തെ ഒരേയൊരു കുട്ടിയായിരിക്കും. നിനക്കു ഞാൻ ലോകത്തെ ഒരേയൊരു കുറുക്കനും..."

"എനിക്കു മനസ്സിലായി വരുന്നുണ്ട്," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "ഒരു പൂവുണ്ട്... അവൾ എന്നെ ഇണക്കിയെടുത്തു എന്നെനിക്കു തോന്നുന്നു."

"അങ്ങനെ വരാം," കുറുക്കൻ പറഞ്ഞു. "ഭൂമിയിൽ എന്തൊക്കെ നാം കാണുന്നു."

"അല്ലല്ല, ഇതു ഭൂമിയിലല്ല!" ലിറ്റിൽ പ്രിൻസ് പറഞ്ഞു.

കുറുക്കന് അതു പിടി കിട്ടിയില്ലെന്നു തോന്നി.

"വേറൊരു ഗ്രഹത്തിൽ?"

"അതെ."

"ആ ഗ്രഹത്തിൽ വേട്ടക്കാരുണ്ടോ?"

"ഇല്ല."

"അതു കൊള്ളാമല്ലോ! അവിടെ കോഴിയുണ്ടോ?"

"ഇല്ല."

"എല്ലാം തികഞ്ഞതെന്ന് ഒന്നിനെയും പറയാൻ പറ്റില്ല," കുറുക്കൻ നെടുവീർപ്പിട്ടു.

പക്ഷേ, അവൻ തന്റെ ചിന്തകളിലേക്കു തിരിച്ചുവന്നു.

"എന്റെ ജീവിതം വളരെ വിരസമാണ്." കുറുക്കൻ പറഞ്ഞു. "ഞാൻ കോഴികളെ വേട്ടയാടുന്നു; മനുഷ്യർ എന്നെ വേട്ടയാടുന്നു. എല്ലാ കോഴികളും ഒരേ പോലെയാണ്, എല്ലാ മനുഷ്യന്മാരും ഒരേ പോലെയാണ്. അതു കാരണം എനിക്കു കുറേശ്ശെ ബോറടിച്ചു തുടങ്ങിയിരിക്കുന്നു. എന്നാൽ നീ എന്നെ ഇണക്കിയെടുത്താൽ എന്റെ ജീവിതത്തിൽ സൂര്യനുദിച്ച പോലെയായിരിക്കുമത്. മറ്റെല്ലാ കാലൊച്ചകളിൽ നിന്നും വ്യത്യസ്തമായ ഒരു കാലൊച്ച ഞാൻ തിരിച്ചറിയും. മറ്റു കാലൊച്ചകൾ എന്നെ മാളത്തിലേക്കു വിരട്ടിയോടിക്കുകയാണ്. അതേ സമയം നിന്റെ കാലൊച്ച സംഗീതം പോലെ എന്നെ മാളത്തിൽ നിന്നു പുറത്തേക്കു ക്ഷണിക്കും. അതാ അവിടെ ആ ഗോതമ്പു പാടം കണ്ടില്ലേ? ഞാൻ അപ്പം കഴിക്കാറില്ല. എനിക്ക് ഗോതമ്പു കൊണ്ട് ഒരുപയോഗവുമില്ല. ഗോതമ്പുപാടങ്ങൾക്ക് എന്നോട് പറയാൻ ഒന്നുമില്ല. അതു ദുഃഖകരമാണ്. പക്ഷേ, നിന്റെ മുടിയ്ക്കു സ്വർണ്ണനിറമാണല്ലോ. നീയെന്നെ ഇണക്കിയെടുത്തു കഴിഞ്ഞാൽ എന്തു രസമായിരിക്കും! സ്വർണ്ണനിറമായ ഗോതമ്പുമണികൾ കാണുമ്പോൾ എനിക്കു നിന്നെ ഓർമ്മ വരും. ഗോതമ്പുപാടത്തു കാറ്റു വീശുന്ന സംഗീതവും കേട്ടു ഞാനിരിക്കും..."

കുറുക്കൻ പിന്നെ ഒന്നും മിണ്ടാതെ ലിറ്റിൽ പ്രിൻസിനെത്തന്നെ ഉറ്റു നോക്കിക്കൊണ്ടിരുന്നു.

"എന്നെ ഇണക്കില്ലേ?"

"എനിക്കതിൽ വിരോധമൊന്നുമില്ല," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "പക്ഷേ, എനിക്കത്രയ്ക്കു നേരമില്ല. എനിക്കെന്റെ കൂട്ടുകാരെ തേടിപ്പിടിക്കണം; പിന്നെ മനസ്സിലാക്കാൻ ഒരുപാടു കിടക്കുന്നുമുണ്ട്."

"നിങ്ങൾക്കിണങ്ങിക്കിട്ടിയ കാര്യങ്ങളേ നിങ്ങൾക്കു മനസ്സിലായെന്നു പറയാനുള്ളൂ," കുറുക്കൻ പറഞ്ഞു. "ആളുകൾക്കിപ്പോൾ പഠിക്കാനും മനസ്സിലാക്കാനുമുള്ള നേരമൊന്നുമില്ല. അവരിപ്പോൾ എല്ലാം കടയിൽ നിന്നു റെഡിമെയ്ഡായിട്ടാണു വാങ്ങുക. പക്ഷേ, സൗഹൃദം കടയിൽ കിട്ടില്ലെന്നതിനാൽ ആളുകൾക്കിപ്പോൾ സുഹൃത്തുക്കളുമില്ല. നിനക്കൊരു കൂട്ടുകാരനെ വേണമെങ്കിൽ എന്നെ ഇണക്കൂ!"

"അതിനു ഞാനെന്തു ചെയ്യണം?"

"നിനക്കു നല്ല ക്ഷമ വേണം," കുറുക്കൻ പറഞ്ഞു. "ആദ്യം നീ എന്നിൽ നിന്നല്പം ദൂരെ അവിടെ ആ പുല്പുറത്തിരിക്കണം. ഞാൻ നിന്നെ ഏറുകണ്ണിട്ടു നോക്കിക്കൊണ്ടിരിക്കും; നീ ഒന്നും മിണ്ടരുത്. എല്ലാ തെറ്റിദ്ധാരണകളുടെയും മൂലകാരണം ഭാഷയാണല്ലോ. പിറ്റേന്ന് നിനക്ക് കുറച്ചുകൂടി അടുത്തിരിക്കാം. അങ്ങനെ ഓരോ ദിവസം ചെല്ലുന്തോറും..."

അടുത്ത ദിവസം ലിറ്റിൽ പ്രിൻസ് അതേ സ്ഥാനത്തു ചെന്നു.



"ഒരേ സമയത്തു തന്നെ വരാൻ പറ്റിയാൽ അതായിരിക്കും നല്ലത്," കുറുക്കൻ പറഞ്ഞു. "ഉദാഹരണത്തിന് വൈകിട്ടു നാലു മണിക്കാണ് നീ വരുന്നതെങ്കിൽ മൂന്നു മണിയാകുമ്പോഴേ എന്റെ സന്തോഷം തുടങ്ങും. നാലു മണി അടുക്കുന്തോറും എന്റെ സന്തോഷവും കൂടിക്കൂടി വരും. നാലു മണിയായാൽ ആകാംക്ഷയും ആഹ്ലാദവും കൊണ്ട് ഞാൻ തുള്ളിച്ചാടുകയായിരിക്കും! സന്തോഷത്തിനു കൊടുക്കേണ്ട വിലയെന്താണെന്നു ഞാനപ്പോൾ പഠിക്കും! എന്നാൽ തോന്നിയ നേരത്താണു നീ വരുന്നതെങ്കിൽ നിന്നെ വരവേല്ക്കാനുള്ള ഒരുക്കം എപ്പോൾ തുടങ്ങണമെന്ന് ഞാനെങ്ങനെ അറിയാൻ?... ഓരോന്നിനും അതാതിന്റെ ചടങ്ങുണ്ട്..."

"ചടങ്ങെന്നു പറഞ്ഞാൽ?"

"പലപ്പോഴും അവഗണിക്കപ്പെടുന്ന മറ്റൊരു പ്രവൃത്തിയാണ് ചടങ്ങും," കുറുക്കൻ പറഞ്ഞു. "ഒരു ദിവസത്തെ മറ്റു ദിവസത്തിൽ നിന്ന്, ഒരു മണിക്കൂറിനെ മറ്റു മണിക്കൂറുകളിൽ നിന്നു വ്യത്യസ്തമാക്കുന്ന വസ്തുതയാണത്. ഉദാഹരണത്തിന് എന്റെ വേട്ടക്കാർക്ക് ഒരു ചടങ്ങുണ്ട്. എല്ലാ വ്യാഴാഴ്ചയും അവർ പെൺകുട്ടികളുമായി നൃത്തം ചെയ്യാൻ പോകും. അങ്ങനെ വ്യാഴാഴ്ചകൾ എനിക്ക് ആനന്ദത്തിന്റെ ദിവസങ്ങളാകുന്നു. എനിക്ക് മുന്തിരിത്തോപ്പു വരെ ഒരു നടത്തയ്ക്ക് അവസരവും കിട്ടും. മറിച്ച് തങ്ങൾക്കു തോന്നിയ പോലെയാണ് അവർ നൃത്തത്തിനു പോകുന്നതെങ്കിൽ ഏതു ദിവസവും മറ്റേതു ദിവസവും പോലെയായിരിക്കും; എനിക്കൊരു ഒഴിവുദിവസം കിട്ടാനും പോകുന്നില്ല."

ഈ വിധമാണ് ലിറ്റിൽ പ്രിൻസ് കുറുക്കനെ ഇണക്കിയത്. തമ്മിൽ പിരിയാനുള്ള സമയമടുത്തപ്പോൾ...

"അയ്യോ," കുറുക്കൻ പറഞ്ഞു, "ഞാനിപ്പോൾ കരയും."

"അതിനു നീ നിന്നെപ്പറഞ്ഞാൽ മതി," ലിറ്റിൽ പ്രിൻസ് പറഞ്ഞു. "എനിക്കു നിന്നെ ദ്രോഹിക്കണമെന്ന് ഒരുദ്ദേശ്യവുമുണ്ടായില്ല. ഞാൻ നിന്നെ ഇണക്കണമെന്നതു നിന്റെ ആഗ്രഹമായിരുന്നു..."

"അതെ, അതു ശരി തന്നെ," കുറുക്കൻ പറഞ്ഞു.

"എന്നിട്ടു നീയിപ്പോൾ കരയാൻ തുടങ്ങുകയും!"

"അതെ, അതും ശരി തന്നെ," കുറുക്കൻ പറഞ്ഞു.

"അപ്പോൾ അതു കൊണ്ട് നിനക്കൊരു ഗുണവുമുണ്ടായിട്ടില്ലെന്നതല്ലേ ശരി?"

"ഗുണമൊക്കെയുണ്ടായിട്ടുണ്ട്," കുറുക്കൻ പറഞ്ഞു. "നിന്റെ മുടിയുടെ നിറം കാണുമ്പോൾ എനിക്ക് ഗോതമ്പുപാടം ഓർമ്മ വരുന്നില്ലേ?" പിന്നെ അവൻ കൂട്ടിച്ചേർത്തു:

"ആ റോസാപ്പൂക്കളെ ഒന്നു കൂടി പോയിക്കാണൂ; ലോകമാകെയെടുത്താൽ നിന്റെ റോസാപ്പൂവു പോലൊന്ന് വേറെയില്ലെന്നു നിനക്കു ബോദ്ധ്യമാകും. എന്നിട്ട് എന്നോടു യാത്ര പറയാൻ വാ, അപ്പോൾ ഞാനൊരു രഹസ്യം നിനക്കു സമ്മാനമായി തരാം."

ലിറ്റിൽ പ്രിൻസ് റോസാപ്പൂക്കളെ ഒന്നുകൂടി കാണാൻ ചെന്നു.

"എന്റെ റോസാപ്പൂവുമായി ഒരു സാദൃശ്യവും നിങ്ങൾക്കില്ല," അവൻ പറഞ്ഞു. "നിങ്ങൾ ഇതു വരെ യാതൊന്നുമായിട്ടില്ല. ആരും നിങ്ങളെ ഇണക്കിയിട്ടില്ല, നിങ്ങൾ ആരെയും ഇണക്കിയിട്ടുമില്ല. എന്റെ കുറുക്കൻ മുമ്പേതു പോലെയായിരുന്നോ, അതുപോലെയാണ് നിങ്ങൾ. നൂറായിരം മറ്റു കുറുക്കന്മാരെപ്പോലെ ഒരു കുറുക്കനായിരുന്നു അവൻ. പക്ഷേ, ഞാനവനെ എന്റെ കൂട്ടുകാരനാക്കി; ഇന്ന് ഈ ലോകത്ത് അവനെപ്പോലൊരു കുറുക്കൻ വേറെയില്ല!"

റോസാപ്പൂക്കൾ അയ്യടാ! എന്നായിപ്പോയി.

"നിങ്ങൾക്കു ഭംഗിയുണ്ടെന്നു സമ്മതിച്ചു, പക്ഷേ, നിങ്ങൾ വെറും പൊള്ളയുമാണ്," അവൻ തുടർന്നു, "നിങ്ങൾക്കു വേണ്ടി ജീവൻ കളയാൻ ആരുമില്ല. എന്റെ റോസാപ്പൂവ് കാണാൻ നിങ്ങളെപ്പോലെ തന്നെയാണെന്ന് ഒരു സാധാരണ വഴിപോക്കൻ പറഞ്ഞേക്കും. പക്ഷേ, നിങ്ങളെപ്പോലുള്ള നൂറു കണക്കിനു പൂക്കളെക്കാൾ എനിക്കു പ്രധാനം അവളാണ്. കാരണം അവളെയാണു ഞാൻ വെള്ളം കൊടുത്തു വളർത്തിയത്. അവളെയാണു ഞാൻ സ്ഫടികഗോളം കൊണ്ടു മൂടിവച്ചത്. അവളെയാണു ഞാൻ മറ വച്ചു സംരക്ഷിച്ചത്. അവൾക്കു വേണ്ടിയാണു ഞാൻ ശലഭപ്പുഴുക്കളെ കൊന്നത് (പൂമ്പാറ്റയാകാൻ വേണ്ടി കൊല്ലാതെ വിട്ട രണ്ടുമൂന്നെണ്ണമൊഴിച്ചാൽ). അവൾ പറയുന്നതിനാണു ഞാൻ കാതു കൊടുത്തത്, അതിനി പരാതിയായാലും പൊങ്ങച്ചമായാലും, ഇനിയല്ല, ചില നേരത്തെ മൗനമായാലും. അവൾ എന്റെ റോസാപ്പൂവാണ്."

അവൻ തിരിച്ച് കുറുക്കനെ കാണാൻ ചെന്നു.

"ഗുഡ് ബൈ," അവൻ പറഞ്ഞു.

"ഗുഡ് ബൈ," കുറുക്കൻ പറഞ്ഞു. "ഇതാ എനിക്കു പറയാനുള്ള രഹസ്യം; വളരെ ലളിതമാണത്: തെളിഞ്ഞു കാണാൻ ഹൃദയം കൊണ്ടു കാണണം. ഉള്ളിലുള്ളത് കണ്ണുകൾ കാണില്ല."

"ഉള്ളിലുള്ളത് കണ്ണുകൾ കാണില്ല," മറക്കാതിരിക്കാൻ വേണ്ടി ലിറ്റിൽ പ്രിൻസ് അതുരുക്കഴിച്ചു.

"നിന്റെ പൂവിനു വേണ്ടി നീ കളഞ്ഞ സമയം തന്നെയാണ് നിന്റെ പൂവിനെ നിനക്കത്ര പ്രധാനമാക്കുന്നതും."

"എന്റെ പൂവിനു വേണ്ടി ഞാൻ കളഞ്ഞ സമയം തന്നെയാണ്..." മറക്കാതിരിക്കാൻ വേണ്ടി ലിറ്റിൽ പ്രിൻസ് ആവർത്തിച്ചു.

"ആളുകൾ ആ സത്യം മറന്നുകഴിഞ്ഞു," കുറുക്കൻ പറഞ്ഞു. "പക്ഷേ, നീയതു മറക്കരുത്. നീ എന്തിനെ ഇണക്കിയോ, അതിനു നീയാണുത്തരവാദി. നിന്റെ പൂവിന്റെ ഉത്തരവാദിത്വം നിനക്കാണ്..."

"എന്റെ പൂവിന്റെ ഉത്തരവാദിത്വം എനിക്കാണ്..." മറക്കാതിരിക്കാൻ വേണ്ടി ലിറ്റിൽ പ്രിൻസ് ആവർത്തിച്ചു.

# ഇരുപത്തിരണ്ട്

“ഗുഡ് മോണിംഗ്,” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“ഗുഡ് മോണിംഗ്,” റയിൽവേ സ്വിച്ച്മാൻ പറഞ്ഞു.

“താങ്കൾ ഇവിടെ എന്തു ചെയ്യുന്നു?”

“ഞാൻ യാത്രക്കാരെ ആയിരം വീതമുള്ള കെട്ടുകളാക്കി തരം തിരിക്കുന്നു,” സ്വിച്ച്മാൻ പറഞ്ഞു. “എന്നിട്ടവരെ വണ്ടിയിൽ കയറ്റി പറഞ്ഞുവിടുന്നു, ചിലരെ ഇടത്തോട്ട്, ചിലരെ വലത്തോട്ട്.”

ഈ സമയത്ത് പ്രകാശമാനമായ ഒരു എക്സ്പ്രസ് ട്രെയിൻ സ്വിച്ച്മാന്റെ ക്യാബിൻ പിടിച്ചുകുലുക്കിക്കൊണ്ട് ഇടിമുഴക്കത്തോടെ പാഞ്ഞുപോയി.

“അവർ വളരെ തിരക്കിലാണല്ലോ,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “അവർ എന്തു തേടിപ്പോവുകയാണ്?”

“അതു ട്രെയിൻ ഡ്രൈവർക്കു പോലുമറിയില്ല,” സ്വിച്ച്മാൻ പറഞ്ഞു.

ഈ സമയത്ത് മറ്റൊരെക്സ്പ്രസ് ഒച്ചയും വെളിച്ചവുമായി എതിർദിശയിലേക്കു കുതിച്ചുപാഞ്ഞു.

“പോയവർ ഇത്ര വേഗം തിരിച്ചുവന്നോ?” ലിറ്റിൽ പ്രിൻസ് ചോദിച്ചു.

“പോയവരല്ല, വരുന്നത്,” സ്വിച്ച്മാൻ പറഞ്ഞു. “ഇതൊരു വച്ചുമാറ്റമാണ്.”

“സ്വസ്ഥാനത്തവർക്കു സ്വസ്ഥത ലഭിച്ചില്ലേ?”

“സ്വസ്ഥാനത്തു സ്വസ്ഥത ലഭിച്ചിട്ടാരുമില്ല,” സ്വിച്ച്മാൻ പറഞ്ഞു.

മൂന്നാമതൊരെക്സ്പ്രസിന്റെ ഗർജ്ജനം അവർ കേട്ടു.

“ആദ്യം പോയവരുടെ പിന്നാലെ പോവുകയാണോ ഇവർ?” ലിറ്റിൽ പ്രിൻസ് ചോദിച്ചു.

“അവർ ഒന്നിന്റെയും പിന്നാലെ പോവുകയല്ല,” സ്വിച്ച്മാൻ പറഞ്ഞു. “അവർ ഉള്ളിൽക്കിടന്നുറങ്ങുകയാണ്, അല്ലെങ്കിൽ കോട്ടുവായുമിട്ടിരിക്കുകയാണ്. കുട്ടികൾ മാത്രം ജനാലച്ചില്ലുകളിൽ മൂക്കമർത്തിവച്ചു നില്ക്കുന്നു.”

“തങ്ങൾക്കെന്താണു വേണ്ടതെന്ന് കുട്ടികൾക്കു മാത്രമറിയാം,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “ഒരു തുണിപ്പാവയ്ക്കു മേൽ അവർ സമയം കളയും; അങ്ങനെ അവർക്കതു പ്രധാനപ്പെട്ടതുമാകും. അതു പിന്നെ ആരെങ്കിലും എടുത്തുകൊണ്ടു പോയാൽ അവർ കരയുകയായി...”

“അവർ ഭാഗ്യം ചെയ്തവരാണ്,” സ്വിച്ച്മാൻ പറഞ്ഞു.

## ഇരുപത്തിമൂന്ന്

“ഗുഡ് മോണിംഗ്,” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“ഗുഡ് മോണിംഗ്,” കച്ചവടക്കാരൻ പറഞ്ഞു.

ദാഹശമനത്തിനുള്ള ഗുളികയാണ് അയാൾ വിറ്റുകൊണ്ടിരുന്നത്. ഒരു ഗുളിക വിഴുങ്ങിയാൽ പിന്നെ ഒരാഴ്ചത്തേക്ക് വെള്ളം കുടിക്കേണ്ട കാര്യമില്ല.

“അതു കൊണ്ടെന്താ ഗുണം?” ലിറ്റിൽ പ്രിൻസ് ചോദിച്ചു.

“അത്രയും സമയം കൂടി നമുക്കു ലാഭിക്കാമല്ലോ,” കച്ചവടക്കാരൻ പറഞ്ഞു. “ആഴ്ചയിൽ അമ്പത്തിമൂന്നു മിനിട്ട് ഇതു വഴി ലാഭിക്കാമെന്ന് വിദഗ്ധർ കണക്കു കൂട്ടിയിരിക്കുന്നു.”

“ആ അമ്പത്തിമൂന്നു മിനിട്ടു കൊണ്ടു് ഞാൻ എന്തു ചെയ്യും?”

“നിനക്കിഷ്ടമുള്ളതെന്തും.”

“ഇഷ്ടമുള്ളതു ചെയ്യാൻ അമ്പത്തിമൂന്നു മിനിട്ടെനിക്കു കിട്ടിയാൽ,” ലിറ്റിൽ പ്രിൻസ് സ്വയം പറഞ്ഞു, “ഒരു തെളിനീരുറവയിലേക്കു ഞാൻ സാവകാശം നടന്നുപോകും.”

# ഇരുപത്തിനാല്

മരുഭ്രമിയിൽ വച്ച് എനിക്കപകടം പിണഞ്ഞിട്ട് എട്ടാമത്തെ ദിവസമാണന്ന്; കച്ചവടക്കാരന്റെ കഥ കേട്ടുകൊണ്ടിരിക്കുമ്പോൾ കൈയിലുള്ള വെള്ളത്തിന്റെ അവസാനത്തെ തുള്ളി ഞാൻ ഊറ്റിക്കുടിക്കുകയായിരുന്നു.

“ആഹാ,” ഞാൻ ലിറ്റിൽ പ്രിൻസിനോടു പറഞ്ഞു, “നിന്റെ കഥകൾ കേൾക്കാൻ രസകരം തന്നെ. പക്ഷേ, എന്റെ വിമാനത്തിന്റെ കേടു തീർക്കാൻ എനിക്കിനിയും കഴിഞ്ഞിട്ടില്ല. കുടിക്കാനാകട്ടെ, ഒരു തുള്ളി വെള്ളം ബാക്കിയില്ല. ഒരു നീരുറവയുള്ളിടത്തേക്കു സാവകാശം നടന്നുപോകാൻ എനിക്കും വിരോധമൊന്നുമില്ല!”

“എന്റെ കൂട്ടുകാരൻ കുറുക്കൻ...” ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“എന്റെ കൊച്ചുചങ്ങാതീ, ഇതു കുറുക്കനുമായി ബന്ധപ്പെട്ട വിഷയമല്ല!”

“എന്തുകൊണ്ട്?”

“നമ്മൾ ദാഹിച്ചു മരിക്കാൻ പോവുകയാണെന്നതുകൊണ്ട്.”

എന്റെ മനസ്സിലുള്ളതു പിടി കിട്ടാത്തതു കൊണ്ട് അവന്റെ മറുപടി ഇങ്ങനെയായിരുന്നു:

“മരണത്തിന്റെ വക്കത്താണെങ്കിലും ഒരു കൂട്ടുകാരനെ കിട്ടുന്നത് നല്ല കാര്യമാണ്. ഒരു കുറുക്കനെ കൂട്ടുകാരനായി കിട്ടിയപ്പോൾ എനിക്കെന്തു സന്തോഷമായെന്നോ!”

“അപകടമെന്നു പറഞ്ഞാൽ അവനു മനസ്സിലാവില്ല,” ഞാൻ എന്നോടു തന്നെ പറഞ്ഞു. “അവനു വിശപ്പും ദാഹവുമൊന്നുമില്ല. അല്പം സൂര്യപ്രകാശം കിട്ടിയാൽ അവനതു മതി.”

എന്നാൽ ലിറ്റിൽ പ്രിൻസ് എന്നെ നോക്കിനില്ക്കുകയായിരുന്നു; എന്റെ ചിന്തയ്ക്ക് അവൻ മറുപടിയും തന്നു:

“എനിക്കും ദാഹിക്കുന്നു... നമുക്കിവിടെയെങ്ങാനും കിണറുണ്ടോ എന്നു നോക്കാം...”



ഞാൻ തളർച്ച കാണിക്കുന്ന ഒരു ചേഷ്ട കാണിച്ചു. ഒരു മരുഭ്രമിയുടെ വൈപുല്യത്തിൽ, ഒരു ദിശാബോധവുമില്ലാതെ, കിണറു നോക്കി നടക്കുക എന്നത് വിഡ്ഢിത്തമാണ്. എന്നാലുകൂടി ഞങ്ങൾ നടന്നു തുടങ്ങി.

മണിക്കൂറുകളോളം മൗനമായി ഞങ്ങൾ നടന്നു; ഒടുവിൽ രാത്രിയായി, നക്ഷത്രങ്ങൾ പുറത്തുവന്നു തുടങ്ങി. ദാഹം കാരണം എനിക്കു പനിച്ചു തുടങ്ങിയിരുന്നു. സ്വപ്നത്തിലെന്ന പോലെ ഞാൻ നക്ഷത്രങ്ങളെ നോക്കി. ലിറ്റിൽ പ്രിൻസിന്റെ വാക്കുകൾ എന്റെ ഓർമ്മയിൽ നൃത്തം വയ്ക്കുകയായിരുന്നു.

“അപ്പോൾ നിനക്കും ദാഹമുണ്ടല്ലേ?” ഞാൻ ചോദിച്ചു.

എന്റെ ചോദ്യത്തിന് അവൻ ഉത്തരം പറഞ്ഞില്ല. അവൻ ഇത്രമാത്രം പറഞ്ഞു:

“വെള്ളം ഹൃദയത്തിനും നല്ലതായിരിക്കും...”

ആ മറുപടി എനിക്കു മനസ്സിലായില്ലെങ്കിലും ഞാൻ തിരിച്ചൊന്നും പറഞ്ഞില്ല. അവനോടു തിരിച്ചു ചോദിച്ചിട്ടു ഫലമില്ലെന്ന് എനിക്കറിയാമായിരുന്നു.

അവൻ ക്ഷീണിച്ചിരുന്നു. അവൻ താഴെയിരുന്നു. ഞാൻ അവനരികിലിരുന്നു. അല്പനേരത്തെ മൗനത്തിനു ശേഷം അവൻ പറഞ്ഞു:

“ഒരദൃശ്യപുഷ്പം ഉള്ളിലുള്ളതിനാൽ നക്ഷത്രങ്ങൾ മനോഹരമാണ്.”

ഞാൻ പറഞ്ഞു, “അതെ, അതു ശരിയാണ്.” പിന്നെ മറ്റൊന്നും പറയാതെ നിലാവത്തു പരന്നുപരന്നു കിടക്കുന്ന മണൽത്തിട്ടകളിലേക്കു ഞാൻ കണ്ണയച്ചു.

“മരുഭ്രമി മനോഹരമാണ്,” ലിറ്റിൽ പ്രിൻസ് കൂട്ടിച്ചേർത്തു.

അതു സത്യമായിരുന്നു. മരുഭ്രമികൾ എനിക്കെന്നും പ്രിയപ്പെട്ടതായിരുന്നു. നിങ്ങൾ മരുഭ്രമിയിലെ മണല്ക്കുന മേൽ ഇരിക്കുകയാണ്; നിങ്ങൾ യാതൊന്നും കാണുന്നില്ല, യാതൊന്നും കേൾക്കുന്നില്ല. ആ നിശ്ശബ്ദതയിലും എന്തോ തിളങ്ങുന്നു, ഒരു സംഗീതം സ്പന്ദിക്കുന്നു...

“മരുഭ്രമി മനോഹരമാവുന്നത്,” ലിറ്റിൽ പ്രിൻസ് പറഞ്ഞു, “എവിടെയോ അതൊരു കിണർ ഒളിപ്പിച്ചു വച്ചിരിക്കുന്നു എന്നതിനാലാണ്.”

മരുഭ്രമിയുടെ നിഗൂഢമായ ആ ദീപ്തിയ്ക്ക് പെട്ടെന്നൊരർത്ഥം കൈവന്നതായി എനിക്കനുഭവപ്പെട്ടു. കുഞ്ഞായിരിക്കുമ്പോൾ പഴയൊരു വീട്ടിലാണ് ഞാൻ താമസിച്ചിരുന്നത്. അതിനുള്ളിൽ എവിടെയോ ഒരു നിധി കുഴിച്ചിട്ടിട്ടുണ്ടെന്ന് ആളുകൾ പറഞ്ഞിരുന്നു. അതെ, അതു കണ്ടെത്താനുള്ള വഴി ആർക്കുമറിയില്ലായിരുന്നു, അതിനാരും ശ്രമിച്ചിട്ടു തന്നെയില്ലായിരുന്നു. പക്ഷേ, ആ വീടിന് അതൊരു മാന്ത്രികപരിവേഷം നല്കിയിരുന്നു. എന്റെ വീട് അതിന്റെ ഹൃദയത്തിലെവിടെയോ ഒരു രഹസ്യം ഒളിപ്പിച്ചു വച്ചിരിക്കുന്നു... “അതെ,” ഞാൻ ലിറ്റിൽ പ്രിൻസിനോടു പറഞ്ഞു, “വീട്, നക്ഷത്രങ്ങൾ, മരുഭ്രമി— അവയ്ക്കുവയുടെ സൗന്ദര്യം നല്കുന്നത് പുറമേക്കദൃശ്യമായതെന്തോ ആണ്.”

“എന്റെ കുറുക്കൻ പറഞ്ഞതിനോട് നിങ്ങളും യോജിക്കുന്നുവെന്നതിൽ എനിക്കു സന്തോഷമുണ്ട്,” അവൻ പറഞ്ഞു.

ലിറ്റിൽ പ്രിൻസിന് ഉറക്കം വരുന്നുണ്ടായിരുന്നു; ഞാൻ അവനെ കൈകളിൽ കോരിയെടുത്ത് വീണ്ടും നടന്നു. എന്റെ ഹൃദയം ഇളകിമറിയുകയായിരുന്നു. തൊട്ടാൽ പൊട്ടുന്ന ഒരു നിധിയാണ് ഞാൻ എടുത്തുകൊണ്ടു നടക്കുന്നതെന്ന് എനിക്കു തോന്നി. ഇത്ര ലോലമായ മറ്റൊന്ന് ഈ ലോകത്തില്ലെന്നുപോലും എനിക്കു തോന്നിപ്പോയി. നിലാവിന്റെ വെളിച്ചത്തിൽ ആ വിളറിയ നെറ്റിത്തടവും അടഞ്ഞ കണ്ണുകളും ഇളംകാറ്റത്തിളകുന്ന മുടിച്ചുരുളുകളും കണ്ടപ്പോൾ ഞാൻ സ്വയം പറഞ്ഞു: “ഞാനിപ്പോൾ കാണുന്നത് പുറന്തോടു മാത്രമാണ്, സുപ്രധാനമായിട്ടുള്ളത് അദൃശ്യമാണ്...”

ഒരർദ്ധമന്ദസ്മിതത്തിൽ അവന്റെ ചുണ്ടുകൾ പാതി വിടർന്നപ്പോൾ ഞാൻ എന്റെ ആത്മഗതം തുടർന്നു: “ഈ കുഞ്ഞിനെ എന്റെ ഹൃദയത്തോടത്ര അടുപ്പിക്കുന്നത് ഒരു പൂവിനോടുള്ള അവന്റെ ആത്മാർത്ഥതയാണ്— ഉറങ്ങുമ്പോൾപ്പോലും ഒരു പൂവിന്റെ ഓർമ്മ വിളക്കിൽ നാളം പോലെ അവന്റെയുള്ളിൽ തെളിഞ്ഞു നില്ക്കുന്നു...” ഞാൻ കരുതിയതിലും ലോലമാണവനെന്ന് എനിക്കപ്പോൾ തോന്നി. വിളക്കുകൾ അനാഥമാകരുത്; ഒന്നു കാറ്റൂതിയാൽ മതി, അവ കെട്ടുപോകാൻ. അങ്ങനെ നടന്നുനടന്ന്, പുലർച്ചയോടടുക്കുമ്പോൾ ഞാൻ കിണറു കണ്ടു.

## ഇരുപത്തിയഞ്ച്

“മനുഷ്യർ,” ലിറ്റിൽ പ്രിൻസ് പറഞ്ഞു, “എക്സ്പ്രസ്സ് ട്രെയിനുകളിൽ കയറി യാത്ര പുറപ്പെട്ടും; പക്ഷേ, തങ്ങൾ എന്തന്വേഷിച്ചാണിറങ്ങിയിരിക്കുന്നതെന്ന് അവർക്കോർമ്മയുണ്ടാവില്ല. ഒടുവിൽ എന്തു ചെയ്യണമെന്നറിയാതെ, പ്രക്ഷുബ്ധചിത്തരായി ഒരു വൃത്തത്തിനുള്ളിലെന്നപോലെ അവർ ഉഴറിപ്പാഞ്ഞു നടക്കും... ഫലമില്ലാത്ത കാര്യമാണത്.”

ഞങ്ങൾ കണ്ട കിണർ സഹാറായിലെ മറ്റൊരു കിണറു പോലെയുമായിരുന്നില്ല. സഹാറായിലെ കിണറുകളെ മണലിൽ കുഴിച്ച കുഴികളെന്നേ വിശേഷിപ്പിക്കാനുള്ളു. പക്ഷേ, ഈ കിണർ ഗ്രാമത്തിലെ കിണറു പോലിരുന്നു. എന്നാൽ ഗ്രാമമൊന്നും അവിടെ കാണാനുമില്ല. ഞാൻ സ്വപ്നം കാണുകയാണെന്ന് എനിക്കു തോന്നിപ്പോയി...

“ഇതു വളരെ വിചിത്രമായിരിക്കുന്നല്ലോ,” ഞാൻ ലിറ്റിൽ പ്രിൻസിനോടു പറഞ്ഞു. “നമുക്കു വേണ്ടി എല്ലാം തയാറാക്കി വച്ചിരിക്കുന്ന പോലെയാണ്: കപ്പി, കയറ്, തൊട്ടി...”

അവൻ ചിരിച്ചുകൊണ്ട് കയറിൽ പിടിച്ച് തൊട്ടി കിണറ്റിലേക്കിറക്കി. കാറ്റു മറന്ന കാറ്റുകാട്ടി പോലെ ആ പഴയ കപ്പി ഞരങ്ങി.



“കേട്ടുവോ?” ലിറ്റിൽ പ്രിൻസ് ചോദിച്ചു. “കിണറിനെ നാം ഉറക്കത്തിൽ നിന്നുണർത്തിയിരിക്കുന്നു. അതു പാടുകയാണ്...”

അവനെ അധികം ക്ഷീണിപ്പിക്കാൻ എനിക്കു മനസ്സു വന്നില്ല. “ഇങ്ങു തരൂ,” ഞാൻ പറഞ്ഞു. “നിനക്കതു താങ്ങാൻ പറ്റില്ല.”

ഞാൻ വെള്ളം നിറഞ്ഞ തൊട്ടി പതുക്കെ ഉയർത്തി ആൾമറമേൽ വച്ചു. കപ്പിയുടെ സംഗീതം എന്റെ കാതുകളിൽ നിന്നു മാഞ്ഞിരുന്നില്ല. അലയടങ്ങാത്ത വെള്ളത്തിൽ വെയിലു തിളങ്ങുന്നതു ഞാൻ കണ്ടു.

“ആ വെള്ളത്തിനെനിക്കു ദാഹിക്കുന്നു,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “എനിക്കതു കുറച്ചു കുടിക്കാൻ തരൂ...”

അവൻ തേടിനടന്നതെന്തായിരുന്നുവെന്ന് എനിക്കപ്പോൾ മനസ്സിലായി!

ഞാൻ വെള്ളത്തൊട്ടി അവന്റെ ചുണ്ടിലേക്കുയർത്തി. അവൻ കണ്ണടച്ചുപിടിച്ചുകൊണ്ട് വെള്ളം കുടിച്ചു. ഒരു വിരുന്നിന്റെ മാധുര്യം അതിനുണ്ടായിരുന്നു. ആ ജലം വെറുമൊരു പാനീയമായിരുന്നില്ല. ആ മധുരം അതിനു കിട്ടിയത് നക്ഷത്രങ്ങൾക്കടിയിലെ ഞങ്ങളുടെ നടത്തയിൽ നിന്നാണ്, കപ്പിയുടെ സംഗീതത്തിൽ നിന്നാണ്, എന്റെ കൈകളുടെ അദ്ധ്വാനത്തിൽ നിന്നാണ്. അത് ഹൃദയത്തിനുന്മേഷദായകമായിരുന്നു, ഒരുപഹാരം പോലെ. ഇതു പോലെയാണ് കൊച്ചുകുട്ടിയായിരിക്കുമ്പോൾ ക്രിസ്തുമസ് മരത്തിലെ വിളക്കുകളും പാതിരാകുർബാനയുടെ സംഗീതവും ചിരിക്കുന്ന മുഖങ്ങളുടെ സൗമ്യതയുമൊക്കെക്കൂടി എനിക്കു കിട്ടിയ ക്രിസ്തുമസ് സമ്മാനത്തെ ദീപ്തമാക്കിയിരുന്നതും.

“നിങ്ങളുടെ നാട്ടിലെ ആൾക്കാർ,” ലിറ്റിൽ പ്രിൻസ് പറഞ്ഞു, “ഒരേ തോട്ടത്തിൽ അയ്യായിരം റോസാപ്പൂക്കൾ നട്ടുവളർത്തും; എന്നാൽ തങ്ങൾ തേടുന്നത് അവർ അതിൽ കാണുകയുമില്ല.”

“അവരതു കാണുന്നില്ല,” ഞാൻ പറഞ്ഞു.

“അതേ സമയം തങ്ങൾ തേടുന്നത് ഒരൊറ്റ റോസാപ്പൂവിലോ ഒരല്പം വെള്ളത്തിലോ അവർക്കു കണ്ടെടുക്കാവുന്നതേയുള്ളു.”

“അതെ, അതു സത്യമാണ്,” ഞാൻ സമ്മതിച്ചു.

ലിറ്റിൽ പ്രിൻസ് ഇതും കൂടി പറഞ്ഞു:

“എന്നാൽ കണ്ണുകൾ അന്ധമാണ്. ഹൃദയം കൊണ്ടു വേണം നോക്കാൻ...”

ഞാൻ വെള്ളം കുടിച്ചു കഴിഞ്ഞിരുന്നു. എനിക്കിപ്പോൾ ശ്വാസം അയച്ചുവിടാമെന്നായിരിക്കുന്നു. സൂര്യോദയസമയത്ത് മണലിനു തേനിന്റെ നിറമാണ്. ആ നിറം എന്റെ ഹൃദയത്തിനു സന്തോഷം പകരുകയുമായിരുന്നു. എന്നിട്ടും ഈ വിഷാദം എനിക്കെവിടുന്നു വന്നു?

“നിങ്ങൾ പറഞ്ഞ വാഗ്ദാനം പാലിക്കണം,” വീണ്ടും എനിക്കരികിൽ വന്നിരുന്നുകൊണ്ട് ലിറ്റിൽ പ്രിൻസ് പറഞ്ഞു.

“ഏതു വാഗ്ദാനം?”

“ഓർമ്മയില്ലേ... എന്റെ ആടിനൊരു വായ്പൂട്ട്; എന്റെ പൂവിന്റെ ഉത്തരവാദിത്വം എനിക്കല്ലേ...”

ഞാൻ പോക്കറ്റിൽ നിന്ന് എന്റെ ചിത്രങ്ങൾ പുറത്തെടുത്തു. ലിറ്റിൽ പ്രിൻസ് അവ ഓരോന്നായി നോക്കിയിട്ട് ചിരിച്ചുകൊണ്ടു പറഞ്ഞു:

“നിങ്ങളുടെ ബയോബാബുകൾ കണ്ടിട്ട് കാബേജു പോലിരിക്കുന്നു.”

“അയ്യോ!” എന്റെ ബയോബാബുകളുടെ പേരിൽ ഞാനെത്ര അഭിമാനിച്ചിരുന്നതാണ്!

“നിങ്ങളുടെ കുറുക്കൻ... അതിന്റെ ചെവി കണ്ടിട്ട് കൊമ്പു പോലിരിക്കുന്നു... നീളവും കൂടിപ്പോയി.”

എന്നിട്ടവൻ പിന്നെയും ചിരിച്ചു.

“ഇതു ശരിയല്ല, ലിറ്റിൽ പ്രിൻസ്,” ഞാൻ പറഞ്ഞു. “പെരുമ്പാമ്പിന്റെ അകമോ പുറമോ വരയ്ക്കാമെന്നല്ലാതെ എനിക്കു വര അറിയില്ല.”

“ഓ, അതു സാരമില്ല,” അവൻ പറഞ്ഞു, “കുട്ടികൾക്കു മനസ്സിലാകും.”

ഞാൻ പിന്നെ പെൻസിൽ കൊണ്ട് ഒരു വായ്പൂട്ടു വരച്ചു. അതവന്റെ കൈയിൽ കൊടുക്കുമ്പോൾ എന്റെ ഹൃദയം വിങ്ങുകയായിരുന്നു.

“നിന്റെ മനസ്സിലുള്ളതെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല,” ഞാൻ പറഞ്ഞു.

പക്ഷേ, അതിനവൻ മറുപടി പറഞ്ഞില്ല. പകരം അവൻ ഇങ്ങനെ പറഞ്ഞു: “ഞാൻ ഭൂമിയിൽ വന്നിട്ട്... നാളെ ഒരു വർഷമാകുന്നു...”

അല്പനേരം ഒന്നും മിണ്ടാതിരുന്നിട്ട് അവൻ പറഞ്ഞു:

“ഇതിനു വളരെയടുത്തൊരിടത്താണ് ഞാൻ വന്നിറങ്ങിയത്.”

അവന്റെ മുഖം ചുവന്നു.

അപ്പോഴും എന്തിനെന്നറിയാത്ത വല്ലാത്തൊരു ദുഃഖം എന്നെ ബാധിച്ചു. എന്നാൽ എനിക്കൊരു ചോദ്യം ചോദിക്കാനുണ്ടായിരുന്നു:

“അപ്പോൾ, എട്ടു ദിവസം മുമ്പ്, നിന്നെ ഞാൻ ആദ്യമായി കണ്ട പ്രഭാതത്തിൽ, മനുഷ്യവാസത്തിൽ നിന്നൊരായിരം മൈൽ അകലെ, ഒറ്റയ്ക്കു നീ നടന്നുപോയത് യാദൃച്ഛികമായിരുന്നില്ല, അല്ലേ? നീ ഭൂമിയിലിറങ്ങിയ സ്ഥലത്തേക്കു തിരിച്ചുപോവുകയായിരുന്നു?”

ലിറ്റിൽ പ്രിൻസിന്റെ മുഖം വീണ്ടും ചുവന്നു.

ഒന്നറച്ചിട്ട് ഞാൻ പറഞ്ഞു:

“ഒരു വർഷം കഴിഞ്ഞതു കൊണ്ടാണോ അത്?”

ലിറ്റിൽ പ്രിൻസിന്റെ മുഖം ആകെ ചുവന്നു. അവൻ ഒരിക്കലും ചോദ്യങ്ങൾക്കു മറുപടി പറഞ്ഞിരുന്നില്ല; പക്ഷേ, ഒരാളുടെ മുഖം ചുവക്കുമ്പോൾ അതിനർത്ഥം ‘അതെ’ എന്നല്ലേ?

“എനിക്കെന്തോ ഭയം തോന്നുന്നു...” ഞാൻ ലിറ്റിൽ പ്രിൻസിനോടു പറഞ്ഞു.

ഞാൻ പറഞ്ഞുതീരും മുമ്പേ അവൻ പറഞ്ഞു:

“ഇനി നിങ്ങളുടെ ജോലി നടക്കട്ടെ. നിങ്ങളുടെ വിമാനത്തിന്റെ എഞ്ചിൻ നന്നാക്കൂ. ഞാൻ ഇവിടെ കാത്തിരിക്കാം. നാളെ രാത്രിയിൽ ഇവിടെ വരൂ.”

എനിക്കൊരു ഉറപ്പു തോന്നിയില്ല. ഞാൻ ആ കുറുക്കനെ ഓർത്തു. ഇണക്കാൻ നിന്നുകൊടുത്താൽ കരയേണ്ടി വരും.

# ഇരുപത്തിയാറ്

കിണററിനരികിലായി ഒരു പൊളിഞ്ഞ കന്മതിൽ ഉണ്ടായിരുന്നു. അടുത്ത ദിവസം സന്ധ്യക്ക് എഞ്ചിൻ പണി കഴിഞ്ഞു മടങ്ങുമ്പോൾ ദൂരെ നിന്നേ ഞാൻ എന്റെ ലിറ്റിൽ പ്രിൻസിനെ കണ്ടു. മതിലിനു മുകളിൽ കയറി കാലും തൂക്കിയിട്ടിരിക്കുകയാണവൻ. അവൻ ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു:

“നിനക്കോർമ്മയില്ലേ?” അവൻ ആരോടോ സംസാരിക്കുകയാണ്. “പറഞ്ഞ സ്ഥലം ഇതല്ല.”

മറ്റൊരു ശബ്ദം അതിനു മറുപടി പറഞ്ഞതു കൊണ്ടാവണം, അവൻ പറയുന്നതു കേട്ടു:

“അതെയതെ, ദിവസം ഇതു തന്നെ; പക്ഷേ, സ്ഥലം ഇതായിരുന്നില്ല.”

ഞാൻ മതിലിനടുത്തേക്കു നടക്കുകയായിരുന്നു. മറ്റാരെയും ഞാൻ കണ്ടില്ല, മറ്റൊരു ശബ്ദവും ഞാൻ കേട്ടില്ല. പക്ഷേ, ലിറ്റിൽ പ്രിൻസ് പിന്നെയും ആരോടോ മറുപടി പറയുകയാണ്:

“തീർച്ചയായും. മണലിൽ എന്റെ കാല്പാടുകൾ തുടങ്ങുന്നതു നിനക്കു കാണാം. അവിടെ എന്നെ കാത്തുനിന്നാൽ മതി. ഇന്നു രാത്രി ഞാൻ അവിടെയുണ്ടാവും.”


ഞാനപ്പോൾ മതിലിൽ നിന്ന് ഇരുപതു മീറ്റർ മാത്രം അകലെയാണ്; എന്നിട്ടും ആരും എന്റെ കണ്ണിൽ പെട്ടില്ല.

അല്പനേരത്തെ മൗനത്തിനു ശേഷം ലിറ്റിൽ പ്രിൻസ് പിന്നെയും പറയുകയാണ്:

“നിന്റെ വിഷം നല്ലതല്ലേ? എനിക്കൊരുപാടു നേരം വേദനിക്കേണ്ടി വരില്ലെന്നു നിനക്കു തീർച്ചയല്ലേ?”

ഞാൻ സ്തംഭിച്ചു നിന്നുപോയി; എന്റെ ഹൃദയം പടപടാ ഇടിക്കുകയായിരുന്നു; പക്ഷേ, എന്നിട്ടും എനിക്കൊന്നും മനസ്സിലായിട്ടില്ല.

“ഇനി പൊയ്ക്കോ,” ലിറ്റിൽ പ്രിൻസ് പറഞ്ഞു. “ഞാൻ ഈ മതിലിനു മുകളിൽ നിന്നൊന്നിറങ്ങട്ടെ.”



ഞാൻ മതിലിനു ചുവട്ടിലേക്കു കണ്ണു താഴ്ത്തി; ഞാൻ നിന്ന നില്പിൽ ഒന്നു ചാടിപ്പോയി!

എന്റെ കൺമുന്നിൽ ലിറ്റിൽ പ്രിൻസിനെ നോക്കി ചുരുട്ടയിട്ടു കിടക്കുകയാണ്, മുപ്പതു സെക്കന്റു കൊണ്ട് ജീവനെടുക്കുന്ന ആ മഞ്ഞപ്പാമ്പുകളിൽ ഒരെണ്ണം. പോക്കറ്റിൽ നിന്നു റിവോൾവറെടുക്കാനുള്ള ബദ്ധപ്പാടിൽ ഞാൻ ഒരടി പിന്നിലേക്കു വച്ചു. പക്ഷേ, ആ ഒച്ച കേട്ട് സർപ്പം പൂഴിക്കു മുകളിലൂടെ നേർത്തൊരു നീർച്ചാലു പോലെ ഒഴുകിപ്പോയി; എന്നിട്ടൊരു തിടുക്കവുമില്ലാതെ, ചിലമ്പിച്ച ഒച്ചയോടെ കല്ലുകൾക്കിടയിലേക്കിഴഞ്ഞുമറഞ്ഞു.

ഞാൻ മതിലിനടുത്തേക്കോടിച്ചെന്നതും എന്റെ ലിറ്റിൽ പ്രിൻസ് എന്റെ കൈകളിലേക്കു വന്നുവീണതും ഒരുമിച്ചായിരുന്നു; അവന്റെ മുഖം മഞ്ഞു പോലെ വിളറിവെളുത്തിരുന്നു.

“എന്താണിവിടെ നടക്കുന്നത്? നീയിപ്പോൾ പാമ്പുകളുമായി സംസാരിക്കാൻ തുടങ്ങിയോ?”

അവൻ എപ്പോഴും കഴുത്തിൽ കെട്ടിയിരുന്ന സ്വർണ്ണനിറത്തിലുള്ള മഫ്ളർ ഞാൻ അയച്ചുകെട്ടി. അവന്റെ നെറ്റി നനച്ചിട്ട് കുറച്ചു വെള്ളം കുടിപ്പിക്കുകയും ചെയ്തു. അവനോടു പിന്നെയൊന്നും ചോദിക്കാൻ എനിക്കു ധൈര്യം വന്നില്ല. മുഖത്തു ഗൗരവം വരുത്തിക്കൊണ്ട് അവൻ എന്നെ ഉറ്റുനോക്കി; പിന്നെ എന്റെ കഴുത്തിൽ കൈ ചുറ്റി അവൻ എന്നെ കെട്ടിപ്പിടിച്ചു. അവന്റെ ഹൃദയം മിടിക്കുന്നതു ഞാനറിഞ്ഞു, വെടി കൊണ്ട പക്ഷിയുടെ മരിക്കുന്ന ഹൃദയം പോലെ. അവൻ പറഞ്ഞു:

“നിങ്ങളുടെ എഞ്ചിന്റെ തകരാറു ശരിയായതിൽ എനിക്കു സന്തോഷം തോന്നുന്നു; ഇനി നിങ്ങൾക്കു നാട്ടിലേക്കു പറക്കാമല്ലോ...”

“അതു നിനക്കെങ്ങനെ മനസ്സിലായി?”

ഒരിക്കലും ശരിയാകില്ലെന്നു തോന്നിയ തകരാറു കണ്ടുപിടിച്ചുവെന്ന് അവനോടു പറയാൻ വരികയായിരുന്നു ഞാൻ.

എന്റെ ചോദ്യത്തിന് മറുപടി പറയാതെ അവൻ ഇങ്ങനെ പറഞ്ഞു:

“ഞാനും ഇന്ന് നാട്ടിലേക്കു മടങ്ങുകയാണ്.” പിന്നെ വിഷാദത്തോടെ, “പക്ഷേ, വളരെയകലേക്കാണത്... കൂടുതൽ ദുഷ്കരവുമാണ്.”



അത്യസാധാരണമായതെന്തോ നടക്കുകയാണെന്ന് എനിക്കു മനസ്സിലായി. ഒരു കുഞ്ഞിനെയെന്ന പോലെ ഞാനവനെ എന്റെ കൈകളിൽ അടുക്കിപ്പിടിച്ചിരിക്കുകയായിരുന്നു; എന്നാൽ ഒരഗാധഗർത്തത്തിലേക്ക് തലകുത്തി വീഴുകയാണവനെന്നും അതു തടയാൻ ഞാൻ വിചാരിച്ചാൽ കഴിയില്ലെന്നും എനിക്കു തോന്നിപ്പോയി...

അവന്റെ മുഖം ഗൗരവം പൂണ്ടിരുന്നു; അവന്റെ നോട്ടം അകലെയെങ്ങോ അലയുകയായിരുന്നു.

“നിങ്ങൾ തന്ന ചെമ്മരിയാട് എന്റെ കൈയിലുണ്ട്. അതിന്റെ കൂട് കൈയിലുണ്ട്. അതിന്റെ വായ്പ്പൂട്ടുണ്ട്...” വിഷാദം കലർന്ന പുഞ്ചിരിയോടെ അവൻ പറഞ്ഞു.

ഞാൻ ഏറെ നേരം കാത്തു. അവൻ പതുക്കെപ്പതുക്കെ സാധാരണ നില വീണ്ടെടുക്കുകയാണ്.

“എന്റെ പൊന്നു ചങ്ങാതീ, തനിക്കു പേടി തട്ടിയതാണ്...” ഞാൻ പറഞ്ഞു.

“അതെ, അതിൽ സംശയമില്ല.” അവൻ ഒന്നു ചിരിച്ചു.

“ഇന്നു രാത്രിയിൽ ഞാൻ വല്ലാതെ പേടിക്കും...”

പരിഹാരമില്ലാത്തതെന്തോ നടക്കാൻ പോകുന്നുവെന്ന ബോധം എന്നെ വീണ്ടും മരവിപ്പിക്കുന്നതു ഞാനറിഞ്ഞു. ആ ചിരി ഇനി ഒരിക്കലും കേൾക്കാൻ പറ്റില്ലെന്ന ചിന്ത എനിക്കു താങ്ങാവുന്നതിലധികമാണെന്നും ഞാനറിഞ്ഞു. മരുഭൂമിയിൽ ഒരു തെളിനീരുറവ പോലെയായിരുന്നു എനിക്കത്.

“കുട്ടീ, നീ വീണ്ടും ചിരിക്കുന്നത് എനിക്കു കേൾക്കണം,” ഞാൻ പറഞ്ഞു.

പക്ഷേ, അവൻ പറഞ്ഞതിതാണ്:

“ഇന്നു രാത്രിയിൽ ഒരു കൊല്ലം തികയും. കഴിഞ്ഞ കൊല്ലം ഞാൻ ഭൂമിയിൽ വന്നിറങ്ങിയ അതേ സ്ഥാനത്തിനു നേരേ മുകളിലായി എന്റെ നക്ഷത്രം നില്പുണ്ടാവും.”

“കുട്ടീ,” ഞാൻ പറഞ്ഞു, “ഇതെല്ലാം ഒരു ദുഃസ്വപ്നമല്ലേ? പാമ്പുമായുള്ള ആ സംഭാഷണവും തമ്മിൽ കാണാമെന്നു പറഞ്ഞിരിക്കുന്ന ആ സ്ഥലവും നക്ഷത്രവുമൊക്കെ...”

പക്ഷേ, എന്റെ ചോദ്യത്തിന് അവൻ മറുപടി പറഞ്ഞില്ല. പകരം അവൻ പറഞ്ഞു:

“കാണാതെ കിടക്കുന്നതാണ് പ്രധാനപ്പെട്ട കാര്യം...”

“അതെ, അതെനിക്കറിയാം...”

“പൂവിന്റെ കാര്യത്തിലും അതു ശരിയാണ്. ഒരു നക്ഷത്രത്തിൽ ജീവിക്കുന്ന പൂവിനെയാണ് നിങ്ങൾ സ്നേഹിക്കുന്നതെങ്കിൽ രാത്രിയിൽ ആകാശത്തേക്കു നോക്കിനില്ക്കുന്നതു നല്ലതായിരിക്കും. എല്ലാ നക്ഷത്രങ്ങളിലും പൂക്കൾ വിടർന്നു നില്പുണ്ടാവും...”

“അതെ, എനിക്കറിയാം...”

“വെള്ളത്തിന്റെ കാര്യവും അതു തന്നെ. ആ കപ്പി കാരണം, ആ കയറു കാരണം നിങ്ങൾ എനിക്കു കുടിക്കാൻ തന്ന വെള്ളം സംഗീതം പോലെയായിരുന്നു. നിങ്ങൾക്കതോർമ്മയുണ്ടോ? അതു നല്ലതായിരുന്നു...”

“അതെ, എനിക്കറിയാം...”

“രാത്രിയിൽ നിങ്ങൾ ആകാശത്തേക്കു നോക്കിനില്ക്കും. എന്റെ നക്ഷത്രം അത്ര ചെറുതായതിനാൽ അതിന്റെ സ്ഥാനം ചൂണ്ടിക്കാണിച്ചു തരാൻ എനിക്കു കഴിയില്ല. അതങ്ങനെയാവുന്നതാണു നല്ലതും. എന്റെ നക്ഷത്രം നിങ്ങൾക്കു മറ്റൊരു നക്ഷത്രം മാത്രമായിരിക്കും. അതിനാൽ നിങ്ങൾക്ക് ആകാശത്തെ എല്ലാ നക്ഷത്രങ്ങളെയും കാണാൻ ഇഷ്ടമായിരിക്കും... അവരെല്ലാം നിങ്ങളുടെ കൂട്ടുകാരുമാവും. അതിനും പുറമേ ഞാൻ നിങ്ങൾക്കൊരു സമ്മാനം തരാൻ പോവുകയുമാണ്.”

അവൻ പിന്നെയും ചിരിച്ചു.

“ലിറ്റിൽ പ്രിൻസ്! ലിറ്റിൽ പ്രിൻസ്! ആ ചിരി കേൾക്കാൻ എനിക്കെന്തിഷ്ടമാണെന്നോ!”

“അതു തന്നെയാണെന്റെ സമ്മാനം! നാം വെള്ളം കുടിച്ച ആ സമയത്തെന്നപോലെ...”

“നീയെന്താണു പറഞ്ഞുകൊണ്ടു വരുന്നത്?”

“എല്ലാവർക്കുമുണ്ട് നക്ഷത്രങ്ങൾ,” അവൻ പറഞ്ഞു. “പക്ഷേ, അവ ഒന്നല്ല. സഞ്ചാരികൾക്കവ വഴികാട്ടികളാണ്. മറ്റുള്ളവർക്ക് വെറും കൊച്ചുവിളക്കുകളും. മറ്റു ചിലർക്ക്, പണ്ഡിതന്മാർക്ക്, വിഷമപ്രശ്നങ്ങളാണവ. ആ ബിസിനസ്സുകാരനു അവ സ്വർണ്ണനാണയങ്ങളായിരുന്നു. പക്ഷേ, അവയെല്ലാം നിശബ്ദനക്ഷത്രങ്ങളാണ്. പക്ഷേ, നിങ്ങൾക്ക്, നിങ്ങൾക്കു മാത്രം മറ്റാർക്കും കിട്ടാത്ത നക്ഷത്രങ്ങളുണ്ടാവും.”

“നീയെന്താണു പറയുന്നത്?”



“രാത്രിയിൽ നിങ്ങൾ ആകാശത്തേക്കു നോക്കിനില്ക്കുമ്പോൾ, ആ നക്ഷത്രങ്ങളിലൊന്നിൽ ഞാനുണ്ടെന്നതിനാൽ, ആ നക്ഷത്രങ്ങളിലൊന്നിൽ ഞാനിരുന്നു ചിരിക്കുന്നുണ്ടെന്നതിനാൽ, എല്ലാ നക്ഷത്രങ്ങളും തന്നെ നോക്കി ചിരിക്കുന്നതായി നിങ്ങൾക്കു തോന്നും. നിങ്ങൾ മാത്രമേ ചിരിക്കുന്ന നക്ഷത്രങ്ങളെ കാണൂ!”

അവൻ പിന്നെയും ചിരിച്ചു.

“നിങ്ങളുടെ ദുഃഖം ശമിക്കുമ്പോൾ (കാലം ശമിപ്പിക്കാത്ത ഏതു ദുഃഖമിരിക്കുന്നു!) എന്നെ പരിചയപ്പെട്ടതിൽ നിങ്ങൾ സന്തുഷ്ടനായിരിക്കും. നിങ്ങൾ എന്നും എന്റെ സ്നേഹിതനായിരിക്കും. എന്നോടൊപ്പം ചിരിക്കാൻ നിങ്ങൾക്കാഗ്രഹം തോന്നും. അതിന്റെ രസത്തിനു മാത്രമായി ചിലപ്പോൾ നിങ്ങൾ ജനാല തുറന്നിടും. ആകാശത്തേക്കു നോക്കി നിങ്ങൾ ചിരിക്കുന്നതു കാണുമ്പോൾ നിങ്ങളുടെ സ്നേഹിതന്മാർക്കു തീർച്ചയായും അമ്പരപ്പുണ്ടാവും! അപ്പോൾ നിങ്ങൾ അവരോടു പറയും: ‘അതെ, നക്ഷത്രങ്ങൾ കാണുമ്പോൾ എനിക്കു ചിരി വരും!’ നിങ്ങൾക്കു വട്ടാണെന്ന് അവർ വിധിയെഴുതും. അതു ഞാൻ നിങ്ങൾക്കു മേൽ പ്രയോഗിക്കുന്ന മോശപ്പെട്ടൊരു കൗശലമായിരിക്കും...”

അവൻ പിന്നെയും ചിരിച്ചു.

“നക്ഷത്രങ്ങൾക്കു പകരം ചിരിക്കുന്ന കുഞ്ഞുമണികളാണു ഞാൻ നിങ്ങൾക്കു തന്നതെന്ന പോലെയായിരിക്കുമത്.”

എന്നിട്ടവൻ വീണ്ടും ചിരിച്ചു. പിന്നെ അവന്റെ മുഖത്ത് ഗൗരവഭാവം തിരിച്ചുവന്നു.

“ഇന്നു രാത്രിയിൽ... അറിയാമല്ലോ... നിങ്ങൾ വരരുത്.”

“ഞാൻ നിന്നെ ഒറ്റയ്ക്കു വിടില്ല,” ഞാൻ പറഞ്ഞു.

“ഞാൻ വേദനിക്കുന്നതായി നിങ്ങൾക്കു തോന്നും; ഞാൻ മരിക്കുകയാണെന്നു നിങ്ങൾക്കു തോന്നും. അതങ്ങനെയാണ്. അതു കാണാനായി വരരുത്. അതുകൊണ്ട് ഒരു ഗുണവും നിങ്ങൾക്കുണ്ടാവില്ല...”

“ഞാൻ നിന്നെ ഒറ്റയ്ക്കു വിടില്ല.”

അവന്റെ മുഖത്ത് ഉത്കണ്ഠ നിഴലിച്ചു.

“ഞാനിതു പറയുന്നത്... ആ പാമ്പിന്റെ കാര്യമായതു കൊണ്ടാണ്. അവൻ നിങ്ങളെ കടിക്കാൻ പാടില്ല. പാമ്പുകൾ ദുഷ്ടബുദ്ധികളാണ്. അവർ ചിലപ്പോൾ രസത്തിനു വേണ്ടി നിങ്ങളെ കടിച്ചെന്നു വരും...”

“ഞാൻ നിന്നെ ഒറ്റയ്ക്കു വിടില്ല.”

ധൈര്യം കൊടുക്കുന്ന എന്തോ ചിന്ത അവന്റെ മനസ്സിൽ വന്നപോലെ തോന്നി:

“രണ്ടാമതു കടിക്കാൻ വേണ്ടി അവയ്ക്കു വിഷമുണ്ടാവില്ലെന്നു പറയുന്നത് ശരിയാണ്.”

അന്നു രാത്രിയിൽ അവൻ തന്റെ യാത്രയ്ക്കിറങ്ങുന്നത് ഞാൻ കാണാതെപോയി. ഒരൊച്ചയും കേൾപ്പിക്കാതെ അവൻ സ്ഥലം വിടുകയായിരുന്നു. ഒടുവിൽ, ഞാൻ പിന്നാലെയോടി അവനൊപ്പമെത്തിയപ്പോൾ കാലുറപ്പിച്ചു ചവിട്ടി, അതിവേഗം നടക്കുകയാണവൻ. അവൻ ഇത്രമാത്രം പറഞ്ഞു:

“ആഹാ, നിങ്ങളിങ്ങെത്തിയോ...”

അവൻ എന്റെ കൈ പിടിച്ചു. പക്ഷേ, അവന്റെ ഉത്കണ്ഠ മാറിയിരുന്നില്ല. “നിങ്ങൾ വന്നതു തെറ്റായിപ്പോയി. നിങ്ങൾ വിഷമിക്കും. എന്നെക്കാണുമ്പോൾ മരിച്ച പോലെ തോന്നും; പക്ഷേ, അതു ശരിയായിരിക്കില്ല...”

ഞാൻ ഒന്നും മിണ്ടിയില്ല.

“ഞാൻ പറയുന്നതു മനസ്സിലാവുന്നുണ്ടോ?... വളരെയകലെയാണത്. അത്രയും ദൂരം ഈ ഉടൽ ഒപ്പം കൊണ്ടുപോകാൻ എനിക്കു കഴിയില്ല. വലിയ ഭാരമാണതിന്.”

ഞാൻ ഒന്നും മിണ്ടിയില്ല.

“എന്നാലതിനെ അനാഥമായ പഴയൊരു കക്കായോട്ടി പോലെ കണ്ടാൽ മതി. പഴയ കക്കായോട്ടികളിൽ ദുഃഖകരമായി ഒന്നുമില്ല...”

ഞാൻ ഒന്നും മിണ്ടിയില്ല.

എന്റെ പ്രതികരണമില്ലായ്മ അവനെ നിരുത്സാഹപ്പെടുത്തിയെന്നു തോന്നി. എന്നാലും അവൻ ഒരു ശ്രമം കൂടി നടത്തി.

“നോക്കൂ, എത്ര സുന്ദരമായിരിക്കുമത്. ഞാനും നക്ഷത്രങ്ങളെ നോക്കിനില്ക്കും. എല്ലാ നക്ഷത്രങ്ങളും തുരുമ്പിച്ച കപ്പിയുള്ള കിണറുകളായിരിക്കും. എല്ലാ നക്ഷത്രങ്ങളും എനിക്കു കുടിക്കാനായി പുതുവെള്ളം കോരിയൊഴിക്കും...”

ഞാൻ ഒന്നും മിണ്ടിയില്ല.



“എന്തു രസമായിരിക്കുമത്! നിങ്ങൾക്കവ അമ്പതു കോടി കുഞ്ഞുമണികളായിരിക്കും; എനിക്ക് അമ്പതു കോടി തെളിനീരുറവകളും...”

അവനും പിന്നെ ഒന്നും മിണ്ടിയില്ല; അവൻ കരയുകയായിരുന്നു.

“ഇതാ, ആ സ്ഥലമെത്തി. ഇനി ഞാൻ ഒറ്റയ്ക്കു പോകട്ടെ.”

അവൻ മണ്ണിലിരുന്നു; അവനു പേടിയായിരുന്നു. പിന്നെ അവൻ പറഞ്ഞു:

“എന്റെ പൂവിനെ അറിയാമല്ലോ... അവളുടെ ഉത്തരവാദിത്വം എനിക്കാണ്. അവൾ തീരെ ബലഹീനയാണ്. വളരെ ശുദ്ധമനസ്കയുമാണ്. ഈ ലോകത്തോടു പൊരുതിനില്ക്കാൻ ഒരു ഗുണവുമില്ലാത്ത നാലു മുള്ളുകളേ അവൾക്കുള്ളൂ...”



ഞാനും താഴെയിരുന്നു; എനിക്കു നില്ക്കാൻ പറ്റാതായിക്കഴിഞ്ഞിരുന്നു.

“അതാ... അത്രേയുള്ളൂ...”

അവൻ പിന്നെയുമൊന്നു മടിച്ചു; പിന്നെ അവൻ എഴുന്നേറ്റു നിന്നു. അവൻ ഒരടി മുന്നോട്ടു വച്ചു. എനിക്കനങ്ങാൻ കഴിഞ്ഞില്ല.

അവന്റെ കണങ്കാലിനടുത്ത് ഒരു മഞ്ഞനിറം മിന്നിമായുന്നതേ കണ്ടുള്ളൂ. ഒരു നിമിഷം അവൻ നിശ്ചേഷ്ടനായി നിന്നു. അവൻ നിലവിളിച്ചില്ല. വളരെ ശാന്തനായിട്ടാണ് അവൻ പതിച്ചത്, ഒരു മരം വീഴുന്ന പോലെ. പൂഴിയായതു കാരണം ഒരൊച്ചയുമുണ്ടായില്ല.



## ഇരുപത്തിയേഴ്

അതിനു ശേഷം ആറു കൊല്ലം കടന്നുപോയിരിക്കുന്നു... ഈ കഥ ഞാൻ മുമ്പാരോടും പറഞ്ഞിട്ടില്ല. ഞാൻ ജീവനോടെ തിരിച്ചു വന്നതിൽ എന്റെ കൂട്ടുകാർക്കു സന്തോഷമായിരുന്നു. ഞാൻ ദുഃഖിതനായിരുന്നു; പക്ഷേ, ഞാൻ അവരോടു പറഞ്ഞത് "ഞാൻ ക്ഷീണിതനാണ്" എന്നായിരുന്നു.

ഇപ്പോൾ എന്റെ ദുഃഖത്തിന് തെല്ലൊരു ശമനം കിട്ടിയിരിക്കുന്നു. എന്നു പറഞ്ഞാൽ... പൂർണ്ണമായി മാറിയിട്ടില്ല. അവൻ തന്റെ ഗ്രഹത്തിലേക്കു മടങ്ങിപ്പോയി എന്ന് എനിക്കുറപ്പാണ്; കാരണം, നേരം വെളുത്തപ്പോൾ അവന്റെ ശരീരം ഞാൻ കണ്ടില്ല. അത്ര ഭാരക്കൂടുതലുള്ള ശരീരവുമായിരുന്നില്ല അത്... രാത്രിയിൽ നക്ഷത്രങ്ങൾക്കു കാതോർത്തു കിടക്കാൻ എനിക്കിഷ്ടമാണ്. അമ്പതു കോടി കുഞ്ഞുമണികൾ മുഴങ്ങുന്ന പോലെയാണത്...

പക്ഷേ, വിചിത്രമായ ഒരു കാര്യമുണ്ട്... ലിറ്റിൽ പ്രിൻസിനു വേണ്ടി ആ വായ്പൂട്ടു വരച്ചു കൊടുക്കുമ്പോൾ അതിൽ ഒരു തോൽവാറു പിടിപ്പിക്കാൻ ഞാൻ വിട്ടുപോയി. - അതില്ലാതെ ആ വായ്പൂട്ട് ആടിന്റെ മുഖത്തു വച്ചുകെട്ടാൻ അവനു കഴിയുകയുമില്ല. അപ്പോൾ ഞാൻ ആലോചിച്ചു പോവുകയാണ്: എന്തായിരിക്കും അവന്റെ ഗ്രഹത്തിൽ നടന്നിട്ടുണ്ടാവുക? ആട് അവന്റെ പൂവിനെ കടിച്ചു തിന്നിട്ടുണ്ടാവുമോ?...

ഞാൻ തന്നെ അതിനു സമാധാനവും കാണും: "ഒരിക്കലുമില്ല! ലിറ്റിൽ പ്രിൻസ് എല്ലാ രാത്രിയും ഒരു സ്ഫടികഗോളം കൊണ്ട് പൂവ് അടച്ചുവയ്ക്കാറുണ്ട്; ആടു വന്നു കടിക്കാതെ അവൻ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്." അപ്പോൾ എനിക്കു സന്തോഷമായി. നക്ഷത്രങ്ങളൊന്നാകെ മധുരതരമായി ചിരിക്കുകയും ചെയ്യും.




ചിലപ്പോൾ എനിക്കു തോന്നും: "ആർക്കും ഒരു നിമിഷത്തേക്ക് ശ്രദ്ധയൊന്നു മാറിപ്പോകാമല്ലോ; അതു മതി! ഒരു രാത്രിയിൽ അവൻ സ്ഫടികഗോളത്തിന്റെ കാര്യം മറന്നുവെന്നു വരാം, ആട് രാത്രിയിൽ ഒച്ചയുണ്ടാക്കാതെ പുറത്തു ചാടിയെന്നു വരാം... അപ്പോൾ കുഞ്ഞുമണികൾ കണ്ണീർത്തുള്ളികളായി മാറുകയാണ്..."

ഇതെല്ലാം ഒരു മഹാരഹസ്യമാണ്. ലിറ്റിൽ പ്രിൻസിനെ സ്നേഹിക്കുന്ന നിങ്ങൾക്കും. എനിക്കാകട്ടെ, നമുക്കെവിടെയെന്നറിയാത്ത ഒരിടത്ത്, നാമൊരിക്കലും കണ്ടിട്ടില്ലാത്ത ഒരാട് ഒരു റോസാപ്പൂ തിന്നാൽ അഥവാ തിന്നില്ലെങ്കിൽ ഈ പ്രപഞ്ചത്തിന്റെ അവസ്ഥ തന്നെ മാറിപ്പോവുകയാണ്.

ആകാശത്തേക്കു നോക്കൂ. എന്നിട്ടു സ്വയം ചോദിക്കൂ: "ആട് പൂവു തിന്നോ ഇല്ലയോ?" അതിനുള്ള ഉത്തരത്തിനനുസൃതമായി സകലതും മാറുന്നതു നിങ്ങൾക്കു കാണാം...

അതെത്ര പ്രാധാന്യമുള്ള കാര്യമാണെന്ന് ഒരു മുതിർന്നയാളും ഒരു കാലത്തും മനസ്സിലാക്കുകയുമില്ല!



ഇതാണ് എന്നെ സംബന്ധിച്ചിടത്തോളം, ഈ ലോകത്തെ ഏറ്റവും മനോഹരവും ഏറ്റവും ദുഃഖകരവുമായ ദൃശ്യം. മുൻപേജിൽ കണ്ടതു തന്നെയാണിത്. നിങ്ങളുടെ ഓർമ്മയിൽ തറഞ്ഞു നില്ക്കാൻ വേണ്ടിയാണ് ഞാനത് ഒന്നുകൂടി വരച്ചത്. ഇവിടെ വച്ചാണ് ലിറ്റിൽ പ്രിൻസ് ഈ ലോകത്തു പ്രത്യക്ഷനായത്, പിന്നീട് അപ്രത്യക്ഷനായതും.

എന്നെങ്കിലുമൊരിക്കൽ ആഫ്രിക്കൻ മരുഭൂമിയിലൂടെ യാത്ര ചെയ്യേണ്ടി വരുമ്പോൾ ആ സ്ഥലം നിങ്ങൾ തിരിച്ചറിയും എന്നുറപ്പു വരുത്താനായി ശ്രദ്ധ വച്ച് ഇതിലേക്കു നോക്കൂ. ആ സ്ഥലത്തെത്തിയാൽ ധൃതി വച്ചു പോവുകയുമരുത്. ആ നക്ഷത്രത്തിനു നേരേ ചുവട്ടിലായി അല്പനേരം നില്ക്കുക. അപ്പോൾ ഒരു ബാലൻ മുന്നിൽ വരികയാണെങ്കിൽ, അവൻ ചിരിക്കുകയാണെങ്കിൽ, അവന്റെ മുടിയ്ക്കു സ്വർണ്ണനിറമാണെങ്കിൽ, നിങ്ങളുടെ ചോദ്യങ്ങൾക്ക് അവനിൽ നിന്നു മറുപടി കിട്ടുന്നില്ലെങ്കിൽ—എങ്കിൽ അവനാരാണെന്ന് നിങ്ങൾക്കു മനസ്സിലാകും. അങ്ങനെയൊന്നു സംഭവിച്ചാൽ ദയവായി എന്നെ ആശ്വസിപ്പിക്കുക. അവൻ മടങ്ങിവന്നുവെന്ന് എത്രയും വേഗം എന്നെ അറിയിക്കുക.

## അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി (Antoine de Saint-Exupery)




Le Petit Prince (കൊച്ചുരാജകുമാരൻ) എന്ന ബാലസാഹിത്യകൃതിയുടെ പേരിൽ പ്രശസ്തനായ ഫ്രഞ്ച് എഴുത്തുകാരൻ അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി 1900 ജൂൺ 29-ന് ഫ്രാൻസിലെ ലിയോണിൽ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോൾ വിദ്യാർത്ഥിയായിരുന്ന അന്ത്വാൻ 1921-ൽ ഫ്രഞ്ച് സൈന്യത്തിൽ ചേർന്നു. അടുത്ത കൊല്ലം പൈലറ്റ് പരിശീലനം പൂർത്തിയാക്കുകയും എയർ ഫോഴ്സിലേക്കു മാറുകയും ചെയ്തു. മൊറോക്കോയിൽ അല്പകാലത്തെ പോസ്റ്റിങ്ങിനു ശേഷം അദ്ദേഹം എയർ ഫോഴ്സിൽ നിന്നു പിരിഞ്ഞു. എന്നാൽ ഇതിനകം വൈമാനികജീവിതം അദ്ദേഹത്തിന്റെ ജീവിതാവേശമായി മാറിക്കഴിഞ്ഞിരുന്നു. 1923-ൽ ഒരു വിമാനാപകടത്തിൽ അദ്ദേഹത്തിന്റെ തലയ്ക്കു ക്ഷതം പറ്റിയിരുന്നു. എന്നാൽ അതുകൊണ്ടൊന്നും പിന്മാറാതെ അദ്ദേഹം ഒരു മെയിൽ പൈലറ്റായി ജോലി സ്വീകരിച്ചു. മരുഭൂമിയും അവിടുത്തെ നിവാസികളും അദ്ദേഹത്തിനു വളരെ പ്രിയമായിരുന്നു. ആ സ്നേഹം കൊണ്ടാണ് അദ്ദേഹം പടിഞ്ഞാറൻ സഹാറയിലെ ഒരു വിമാനത്താവളത്തിന്റെ ഡയറക്ടറായതും. മരുഭൂമിയിൽ തകർന്നുവീഴുന്ന വിമാനങ്ങളിലെ പൈലറ്റുകളെ രക്ഷപ്പെടുത്തുക എന്നതും അദ്ദേഹത്തിന്റെ ജോലിയിൽ ഉൾപ്പെട്ടിരുന്നു. 1929-ൽ അദ്ദേഹം അർജ്ജന്റീനയിലെ ഒരു എയർ മെയിൽ ലൈനിന്റെ മേധാവിയായി. അദ്ദേഹത്തിന്റെ സാഹിത്യജീവിതം ആരംഭിക്കുന്നത് ഇക്കാലത്താണ്. ആദ്യത്തെ നോവലുകളായ Southern Mail, Night Flight എന്നിവയുടെ പ്രമേയം സ്വന്തം വൈമാനികജീവിതം തന്നെയാണ്. 1935-ൽ പാരീസിൽ നിന്ന് സെയ്ഗോണി (ഇന്നത്തെ ഹോ-ചിമിൻ സിറ്റി) ലേക്കുള്ള യാത്രയിൽ പറന്നുയർന്ന് ഇരുപതു മണിക്കൂർ കഴിഞ്ഞപ്പോൾ വിമാനം സഹാറയിൽ തകർന്നുവീണു. അദ്ദേഹത്തിനും സഹപൈലറ്റിനും ജീവൻ നിലനിർത്താൻ ഉണ്ടായിരുന്നത് അല്പം ചോക്ലേറ്റും കുറച്ചു ബിസ്കറ്റും മാത്രമായിരുന്നു. നാലു ദിവസം കഴിഞ്ഞ് മരുഭൂമിയിലെ ഒരു ഗോത്രവംശക്കാരൻ അവരെ രക്ഷപ്പെടുത്തുകയായിരുന്നു. അദ്ദേഹം 1939-ൽ എഴുതിയ 'കാറ്റും മണലും നക്ഷത്രങ്ങളും' എന്ന പേരിലുള്ള ഓർമ്മക്കുറിപ്പുകൾ പ്രമേയമാക്കുന്നത് ഈ അനുഭവങ്ങളാണ്. 1939-ൽ രണ്ടാം ലോകമഹായുദ്ധം തുടങ്ങുമ്പോൾ തലേ വർഷം ഗ്വാട്ടിമാലയിൽ വെച്ചുണ്ടായ ഒരു വിമാനാപകടത്തിൽ പറ്റിയ പരിക്കുകളിൽ നിന്നു മോചിതനാവുന്നേ ഉണ്ടായിരുന്നുള്ളു അദ്ദേഹം. എന്നാലും അദ്ദേഹം ഫ്രഞ്ച് എയർ ഫോഴ്സിൽ ചേരാൻ അപേക്ഷ കൊടുക്കുകയും അത് അംഗീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ ഫ്രാൻസ് നാസികൾക്കധീനമായപ്പോൾ അദ്ദേഹം അമേരിക്കയിലേക്കു പലായനം ചെയ്തു. ആ പ്രവാസകാലത്താണ് എക്സ്യുപെരി 'ലിറ്റിൽ പ്രിൻസ്' എഴുതുന്നത്. അദ്ദേഹം തന്നെ വരച്ച ചിത്രങ്ങളോടെ 1943-ൽ ഇംഗ്ലീഷ് പരിഭാഷയോടൊപ്പം അവിടെ അതു പ്രസിദ്ധീകരിക്കുകയും ചെയ്തു.

പക്ഷേ, തന്റെ ജന്മദേശം യുദ്ധത്തിനു നടുവിലായിരിക്കുമ്പോൾ അടങ്ങിയിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എയർ ഫോഴ്സിൽ ചേരാൻ അദ്ദേഹം വീണ്ടും അപേക്ഷ കൊടുത്തു. അപ്പോൾ പ്രായം നാല്പത്തിമൂന്നായിരുന്നു; പരിക്കുകൾ കാരണം വസ്ത്രം മാറാൻ പോലും പരസഹായം വേണമെന്ന നിലയിലുമായിരുന്നു. അതേ സമയം അദ്ദേഹത്തിന്റെ അന്താരാഷ്ട്രപ്രശസ്തിയിൽ നിന്നു ലഭിക്കുന്ന പ്രചാരമൂല്യം എക്സ്യുപെരിയെ വീണ്ടും സൈന്യത്തിലെടുക്കുന്നതിനു പ്രേരകമായി. അങ്ങനെ 1943 ഏപ്രിലിൽ വടക്കേ ആഫ്രിക്കയിൽ ഒരു നിരീക്ഷണപ്പൈലറ്റായി അദ്ദേഹം സർവ്വീസിൽ തിരിച്ചുവന്നു. സഖ്യകക്ഷികൾ തെക്കൻ ഫ്രാൻസിൽ നടത്താനിരിക്കുന്ന ഒരാക്രമണത്തിനു മുന്നോടിയായി നിരീക്ഷണപ്പറക്കൽ നടത്താൻ കോർസിക്ക ദ്വീപിലെ ഒരു വിമാനത്താവളത്തിൽ നിന്ന് 1944 ജൂലൈ 31-ന് എക്സ്യുപെരി ഒരു P-38 വിമാനത്തിൽ പറന്നുയർന്നു. അദ്ദേഹം പിന്നെ മടങ്ങിയെത്തിയില്ല. സാന്തെ-എക്സ്യുപെരി യുദ്ധത്തിൽ കൊല്ലപ്പെട്ടതായി എട്ടു ദിവസം കഴിഞ്ഞ് ഔദ്യോഗികമായ അറിയിപ്പുണ്ടായി. 1998-ൽ ഒരു ഫ്രഞ്ച് മീൻപിടുത്തക്കാരന് മാഴ്സേ ഭാഗത്തെ കടലിൽ നിന്ന് എക്സ്യുപെരിയുടെ ഐഡന്റിറ്റി ബ്രേസ്‌ലെറ്റ് കിട്ടി; രണ്ടു കൊല്ലം കഴിഞ്ഞ് അതേ ഭാഗത്തു നിന്നുതന്നെ അദ്ദേഹത്തിന്റെ വിമാനത്തിന്റെ അവശിഷ്ടങ്ങളും കണ്ടുകിട്ടി.

മതഗ്രന്ഥങ്ങൾ ഒഴിവാക്കിയാൽ ലോകത്ത് ഏറ്റവുമധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെടുകയും ഏറ്റവും കൂടുതൽ വില്ക്കുകയും ചെയ്ത പുസ്തകമാണ് എക്സ്യുപെരിയുടെ Le Petit Prince എന്ന ഈ നോവെല്ല. വിമാനം തകർന്ന് മരുഭൂമിയിൽ പെട്ടുപോയ ഒരു ഏകാന്തവൈമാനികനും ദുശ്ശാഠ്യക്കാരിയായ ഒരു പൂവിനോടു പിണങ്ങി തന്റെ രാജ്യമായ ഒരല്പഗ്രഹത്തിൽ നിന്ന് ഗോളാന്തരയാത്ര നടത്തി ഒടുവിൽ ഭൂമിയിലെത്തുകയും ചെയ്യുന്ന സ്വർണ്ണമുടിക്കാരനായ ഒരു രാജകുമാരനും തമ്മിലുള്ള ഈ കൂടിക്കാഴ്ച അതിൽ അന്തർലീനമായ ദുരന്തബോധം കൊണ്ടാണ് ഇന്നും വായനക്കാരെ ആകർഷിക്കുന്നത്. മുതിർന്നവർക്കു വേണ്ടി എഴുതിയ ഈ കുട്ടിക്കഥയുടെ സന്ദേശം നാം കാണാതെപോകരുത്. മുതിർന്നവരാകുന്നതോടെ യഥാർത്ഥ സൗന്ദര്യം നമ്മുടെ കാഴ്ചയിൽ വരുന്നില്ല. സംഖ്യകളുടേയും ലാഭനഷ്ടങ്ങളുടേയും വികാരഹീനമായ ബൗദ്ധികതയുടേയും അയാഥാർത്ഥലോകത്തു നിന്ന് സൗന്ദര്യത്തിന്റെയും നിഷ്കളങ്കതയുടേയും വൈകാരികതയുടേയും ആ ബാല്യകാലലോകത്തേക്കുള്ള മടക്കമാണ് ഭൂമിയിലെ ജീവിതത്തെ സഹനീയമാക്കാനുള്ള ഒരേയൊരു വഴി.

## വി. രവികുമാർ



കൊല്ലം സ്വദേശിയാണ്. റെയിൽവേയിൽ ബുക്കിംഗ് ക്ലർക്ക് ആയിരുന്നു. ഇപ്പോൾ വിവർത്തകൻ മാത്രമാണ്. കാഫ്ക (കഥകൾ, വിചാരണ, കത്തുകളും ഡയറിക്കുറിപ്പുകളും), ബോദ്‌ലേർ (കലാകാരന്റെ കുമ്പസാരങ്ങൾ), ബാഷോ (കവിതകളും യാത്രകളും), ഹാൻസ് ആൻഡേഴ്സൻ (കഥ കൈ ചൂണ്ടുന്നത് നിങ്ങളെ), റൂമി (പ്രണയം നമ്മുടെ പ്രവാചകൻ), അന്ത്വാൻ ദി സാങ്ങ്ത് എക്സ്യുപെരി (ലിറ്റിൽ പ്രിൻസ്), റില്ക്കെ (ഒരു യുവകവിക്കയച്ച കത്തുകൾ), ഉലാവ് എച്ച്. ഹേഗ് (ഇലക്കുടിലുകളും മഞ്ഞുവീടുകളും), വീസ്വാവ ഷിംബോർസ്ക്ക (അത്ഭുതങ്ങളുടെ മേള), ബെർത്തോൾട്ട് ബ്രെഹ്റ്റ് (കവിതയുടെ ദുരിതകാലം), ബോർഹസ് (സ്വപ്നവ്യാഘ്രങ്ങൾ) തുടങ്ങിയ വിവർത്തനപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചിത്രീകരണം: അന്ത്വാൻ ദ് സാന്തെ-എക്സ്യുപെരി.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.